ഏപ്രിൽ
2022



# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ


ചെറുപുഷ്പം
ഗോൾഡ് ലോൺ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
കൂടുതൽ വായ്പ
കുറഞ്ഞ പലിശ
ഉയർന്ന കാലാവധി
Olarikkara, Pullazhi P.O, Thrissur 680012
Ph : 2360846, 2360202, 2365890
Customer Care : 8547667788, 8547778899
ജോളി സ്റ്റീഫൻ ടി.സി
ചെയർമാൻ
9895223344
ഡോ. ജോയ് ആന്റോ
മാനേജിംഗ് ഡയറക്ടർ
9895015630



സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ: 0487 - 2360259
Email:mariyanadham.info@gmail.com
www.ayyantholechurch.com

പുസ്തകം 28
ഏപ്രിൽ
ലക്കം 3

## ഈ ലക്കത്തിൽ

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| ഇടവക വാർത്തകൾ | 06 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 05 |
| കുടുംബക്കൂട്ടായ്മ കേന്ദ്രസമിതി | |
| ജനറൽ ബോഡി തീരുമാനങ്ങൾ | 06 |
| മതബോധനവാർത്തകൾ | 07 |
| വിശ്വാസപരിശീലന വാർത്തകൾ | 08 |
| മാതൃവേദി വാർത്തകൾ | 09 |
| നിയമവീഥി | 10 |
| ഓർമ്മിക്കുക ആചരിക്കുക | 11 |
| നാടൻ മാവുകൾ | 12 |
| മറക്കാനാവാതെ | 13 |
| വിശുദ്ധവാര കർമ്മങ്ങൾ | 14 |
| വചനമുത്തുകൾ | 15 |
| പെസഹാ വ്യാഴം - ചില ആചാരങ്ങൾ | 16 |
| കാരുണ്യവാനായ ദൈവത്തിന്റെ | |
| കൃപ ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ | 17 |
| അയ്യോ, ഒന്നിനും സമയമില്ല | 19 |
| വിൻസെന്റ് ഡി പോൾ വാർത്തകൾ | 21 |
| സൂര്യൻ അസ്തമിക്കാത്ത ദിനം | 22 |
| മംഗളവാർത്ത | 23 |
| എൻ രോദനം | 24 |
| വേദപാരംഗത | 25 |
| കാർഷിക രംഗം | 26 |
| ഞങ്ങൾ വരവായി | 28 |
| ഞങ്ങൾ യാത്രയായി | 28 |
| ഞങ്ങൾ ഒന്നായി | 28 |
| ഇടവകയിൽ നിന്നും മാറിപോയവർ | 29 |
| ഇടവകയിലേക്ക് വന്നവർ | 29 |
| BIBLE QUIZ | 30 |
| ചായകൂട്ട് മത്സരം | 32 |

## പത്രാധിപസമിതി

ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **കെ.എ. മാത്യു** +91 9388842296

അഡീഷണൽ മാനേജിംഗ് എഡിറ്റർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

അസോസിയേറ്റഡ് എഡിറ്റേഴ്സ്
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 8606006298
ശ്രീ. **സെജിൻ സെബി** +91 9446023663
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. **പ്രിൻസൻ ചേറ്റുപുഴക്കാരൻ** +91 9048255098
(നടത്തുകൈക്കാരൻ)

**ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം**

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 8.00 a.m**

നടത്തുകൈക്കാരൻ
ശ്രീ. **പ്രിൻസൻ ചേറ്റുപുഴക്കാരൻ**
+91 9048255098

**പള്ളി ഓഫീസ് സമയം**

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m. |
| | 6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കപ്യാർ : **വിൽസൺ ആളൂർ കൊക്കൻ – +919745844551**

# എഡിറ്റോറിയൽ

## ക്രിസ്തുവിനെ തറച്ച വിശുദ്ധകുരിശ്

ക്രിസ്തുവിന്റെ സ്വർഗാരോഹണം കഴിഞ്ഞ് മൂന്ന് നൂറ്റാണ്ടിലേറെയായി. ആദിമക്രൈസ്തവർ ചോദിച്ചുകൊണ്ടിരുന്ന ചോദ്യമിതാണ്. കാൽവരിയിലെ ആ കുരിശുകൾ എവിടെ? ഹെലേന രാജ്ഞി ഇത് കണ്ടെത്തിയെന്നാണ് ചരിത്രം പറയുന്നത്. റോമാചക്രവർത്തി കോൺസ്റ്റന്റൈന്റെ അമ്മയാണീ രാജ്ഞി. എ.ഡി. 324 കാലഘട്ടം – ചക്രവർത്തിയുടെ അനുവാദത്തോടെ ആ ദൗത്യം ഏറ്റെടുത്ത രാജ്ഞി റോമിൽനിന്നും ഒരു സംഘവുമായി യാത്രതിരിച്ചു. ആഴ്ചകളോളം യാത്ര ചെയ്ത് ജറുസലെമിലെത്തി. ക്രിസ്തുവിനെ കുരിശിൽ തറച്ച സ്ഥലം യഹൂദർക്ക് അറിയാമായിരുന്നു; എങ്കിലും അവർ വെളിപ്പെടുത്തിയില്ല. രാജ്ഞിയാകട്ടെ വാശിയോടെ യഹൂദരിൽ ഒരു പ്രമുഖനെ പിടിച്ച് കിണറ്റിലിടാൻ ആജ്ഞാപിച്ചു. സ്ഥലം കാണിച്ചാലേ അയാളെ കരകയറ്റൂ എന്നു ശഠിച്ചു. പക്ഷേ അയാൾ അവിടെയിരുന്ന് ദൈവത്തോട് പ്രാർത്ഥിച്ചു. ഏഴുദിവസമായപ്പോൾ അയാൾക്ക് ദൈവനിവേശിതമായി അറിവു ലഭിച്ചു. അയാളുടെ പേര് യൂദാ കിരിയാക്കീസ് എന്നായിരുന്നു. ആ നാട്ടുപ്രമാണി രാജ്ഞിക്ക് വിവരം കൈമാറി. അയാൾ പറഞ്ഞ സ്ഥലത്ത് ദിവസങ്ങളോളം മണ്ണുനീക്കിയപ്പോൾ മൂന്നുകുരിശുകൾ കണ്ടെത്തി; കേടുപാടുകളില്ലാതെ. ഇതിൽ കർത്താവിന്റെ കുരിശ് കണ്ടെത്താനായി ജറുസലെമിന് പുറത്തുനിന്ന് ഒരു കുഷ്ഠരോഗിയെ കൊണ്ടുവന്നു. മൂന്നാമത്തെ കുരിശിൽ തൊട്ടപ്പോൾ അയാൾ പൂർണ്ണ രോഗവിമുക്തനായി. അങ്ങനെ യേശുവിനെ തറച്ച വിശുദ്ധകുരിശ് അവർ കണ്ടെത്തി. തിരുക്കല്ലറയുടെ ദേവാലയം അവിടെ പിന്നീട് നിർമ്മിച്ചു.

ഉപവാസം, പ്രാർത്ഥന, ദാനധർമ്മം – നോമ്പുകാലത്തെ പ്രചോദിപ്പിക്കുന്ന പദങ്ങൾ. യേശുവിന്റെ പീഡാനുഭവം അതിന്റെ തീവ്രതയിൽ അവതരിപ്പിച്ച ജർമ്മൻ ചിത്രകാരൻ മത്തിയാസ് അവിടുത്തെ രക്ഷാകരമൂല്യം ആവിഷ്കരിച്ചതിങ്ങനെയാണ്. യേശുവിന്റെ ഉത്ഥാനവും സ്വർഗാരോഹണവും ഒരുമിച്ച് അവതരിപ്പിച്ചു. അന്ധകാരശക്തികളുടെ മേലുള്ള യേശുവിന്റെ സമ്പൂർണ്ണ വിജയമാണ് ഇത് ഓർമ്മിപ്പിക്കുന്നത്. പ്രകാശം പരത്തുന്നതായിരുന്നു ഇതിലെ പഞ്ചക്ഷതങ്ങൾ. ഈ ക്ഷതങ്ങളോട് ചേർത്താൽ നമ്മുടെ ക്ഷതങ്ങളും പ്രകാശം പരത്തും. സമാധാനത്തിന്റെ നല്ല നാളുകൾക്കായി പ്രാർത്ഥിക്കാം. സ്നേഹത്തോടെ എല്ലാവർക്കും ഈസ്റ്റർ മംഗളങ്ങൾ.

**പത്രാധിപസമിതി**

# ഇടയശബ്ദം



**ആത്മനിയന്ത്രമം പാലിക്കുക.**

"ആത്മനിയന്ത്രണമില്ലാത്ത മനുഷ്യൻ കോട്ടകളില്ലാത്ത നഗരം പോലെയാണ്." (സുഭാ. 25:28) കോട്ടകളില്ലാത്ത നഗരത്തിന് സുരക്ഷിതത്വമില്ല. അത് ഏത് സമയത്തും ശത്രുക്കളാൽ ആക്രമിക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്യും. സ്വയം നിയന്ത്രിക്കുന്നവനാണ് രാജാവ്. അതിനാൽ യുവസഹജമായ മോഹങ്ങളിൽ നിന്ന് ഓടിയകലുക, പരിശുദ്ധ ഹൃദയത്തോടെ കർത്താവിനെ വിളിക്കുന്നവരോട് ചേർന്ന് നീതി, വിശ്വാസം, സ്നേഹം; സമാധാനം എന്നിവയിൽ ലക്ഷ്യം വയ്ക്കുക. (2 തിമോ 2:22)

50 നോമ്പിന്റെ അവസാനത്തെ ദിനത്തിലേയ്ക്ക് എത്തി നില്ക്കുമ്പോൾ നാം നമ്മോട് ചോദിക്കേണ്ട ഒരു ചോദ്യമിതാണ്. എന്റെ ചിന്തകളെയും ബുദ്ധിയേയും ശരീരത്തേയും നിയന്ത്രിക്കുന്നതിൽ ഞാൻ എത്രമേൽ വിജയിച്ചു. മാതാപിതാക്കളായ നാം സ്വയം നിയന്ത്രിക്കുന്നതിലും നമ്മുടെ മക്കളെ ആത്മനിയന്ത്രണം പഠിപ്പിക്കുന്നതിലും എത്ര കണ്ട് വിജയിച്ചിട്ടുണ്ട്. ആവശ്യം വേണ്ട സമയത്തു ശാസന, നിയന്ത്രണ വലിയ തിന്മകളിൽ നിന്നും അവരെ രക്ഷിയ്ക്കും. കുഞ്ഞുനാളിൽ നാമെല്ലാവരും കേട്ടിട്ടുള്ള ഒരു കഥയുണ്ട്. ദരിദ്രമായ ജീവിത സാഹചര്യത്തിൽ വളർന്നു വന്ന ഏക മകൻ അടുത്തുള്ള പറമ്പിൽനിന്നു തേങ്ങയും, വാഴക്കുലയും, ചേനയും ചേമ്പും മോഷ്ടിച്ച് കൊണ്ടുവന്ന് അമ്മയുടെ കയ്യിൽ കൊടുക്കും മകനെ പട്ടിണി കിടത്തരുതെന്ന് ചിന്തിച്ചിരുന്നു അമ്മയ്ക്ക് അത് വലിയ ആശ്വാസമായിരുന്നു. വർഷങ്ങൾ കഴിഞ്ഞപ്പോൾ മകനും മകന്റെ ദുശ്ശീലങ്ങളും ഒരുമിച്ച് വലുതായി, മകൻ വലിയ മോഷ്ടാവായി. അങ്ങനെയിരിക്കെ മോഷണ ത്തിനടയിൽ പിടിക്കപ്പെടാതിരിക്കാൻ ആ മകനെ ഒരാളുടെ ജീവനേടുക്കേണ്ടി വന്നു കൊലപാതക കുറ്റത്തിന് വധ ശിക്ഷ കാത്ത് കിടന്നിരുന്ന മകനോട് അവസാന അഭിലാഷം എന്തെന്ന്  ചോദിച്ചപ്പോൾ ആ മകൻ പറഞ്ഞു എനിക്കെന്റെ അമ്മയെ അവസാനമായൊന്നും കാണണം. ഒരു ചുംബനം നൽകണം. കണ്ണുനീരോടെ ആ അമ്മ ജയിലഴികളുടെ അടുക്കലേയ്ക്ക് ഓടിയടുത്തു സ്നേഹം നടിച്ച് ആ മകൻ അമ്മയുടെ മൂക്ക് കടിച്ചെടുത്തു. എന്നിട്ട് ഉറ

ക്കെ ആക്രോശിച്ചു. എന്റെ കുഞ്ഞുനാളിൽ ഞാൻ ചെയ്ത ചെറിയ തെറ്റുകൾ എന്നെ തിരുത്തിയിരുന്നെങ്കിൽ ഇന്ന് എനിക്ക് ഈ ഗതിവരില്ലായിരുന്നു.

ഒരുപക്ഷേ മിക്കവാറും ഭവനങ്ങളിൽ കാണുന്ന ഒരു പതിവുണ്ട്. പലപിതാക്കന്മാരും വിഷമത്തോടെ പറയുന്ന ഒരു കാര്യം. മക്കൾ എന്നെ മൈന്റ് ചെയ്യില്ല അച്ചാ. ആവശ്യം വല്ലതും വന്നാൽ അവർ അമ്മയോട് ചോദിക്കും. പലതും ഞാനറിയാറില്ല. എനിക്ക് ഒരു വിലയുമില്ല. ഞാൻ വേണ്ടാന്ന് പറഞ്ഞാൽ പോലും അവളത് സമ്മതിക്കാതെ മക്കളുടെ ഇഷ്ടം നടത്തിക്കൊടുക്കും. രാത്രിയിൽ എപ്പോൾ വേണമെങ്കിലും അവന് കയറി വരാം, ഇറങ്ങി പോകാം. ആരും അവനെ തടയാൻ പാടില്ല. എത്ര വൈകി വന്നാലും എവിടെ പോയി, എന്തിന് പോയി, ആരുടെ കൂടെ എന്നൊന്നും ചോദിക്കാതെ പാതിരാത്രിയിൽ വീട്ടിൽ കയറ്റി ഇരുത്തി ഭക്ഷണം കൊടുക്കും. എന്റെ മക്കളെക്കുറിച്ച് ഒത്തിരി ഭയമുണ്ട് അച്ചാ... അവരെന്തായി തീരുമെന്ന് എനിക്കറിയില്ല, പ്രാർത്ഥിക്കണേ!!!

ഭയപ്പെടണം മാതാപിതാക്കളേ നിങ്ങൾ. അപ്പനും അമ്മയും പറയുന്നതും ചെയ്യുന്നതും ഒരുപോലെ അല്ലെങ്കിൽ നിങ്ങൾ ഭയപ്പെടണം. നിങ്ങൾ ദുഃഖിക്കേണ്ടിവരും. നിങ്ങളുടെ പൊരുത്തക്കേട് അവർ മുതലെടുക്കും അവർ താന്തോന്നികളാകും ജാഗ്രതയോടെ അവരെ ആത്മനിയന്ത്രണം പഠിപ്പിക്കുക ആഗ്രഹങ്ങളിൽ മിതത്വം പാലിക്കാൻ പഠിപ്പിക്കു. കുടുംബപ്രാർത്ഥന നിർബന്ധമാക്കുക, മാതാപിതാക്കളും ചേർന്ന് മാത്രം ഭക്ഷണം കഴിക്കുക. അമിതമായ ധനം മക്കളുടെ കയ്യിൽ കണ്ടാൽ സൂക്ഷിക്കുക. ഒരുമിച്ചിരുന്ന് സംസാരിക്കുക നിശ്ചിത സമയത്ത് ഉറങ്ങാനും ഉണരാനും പഠിപ്പിക്കുക വീട്ടു ജോലികൾ (വസ്ത്രം കഴുകാനും, ഭക്ഷണം പാകം ചെയ്യാനും) അവരെ പരിശീലിപ്പിക്കുക. സർവോപരി മാതാപിതാക്കളെ ഒരുപോലെ ബഹുമാനിക്കാനും പഠിപ്പിക്കുക. മൂല്യധിഷ്ഠിത ജീവിതം പഠിപ്പിക്കുക. വാക്ക് കൊണ്ടല്ല; ജീവിതം കൊണ്ട് മാതൃകയാകുക. ദാനം ചെയ്യുന്നതിനും, ഔദാര്യത്തോടെ സ്നേഹിക്കുന്നതിലും അവരെ വളർത്തികൊണ്ടുവരിക. എന്തിനും ഏതിനും എന്ത് കിട്ടും എന്ന കച്ചവട സംസ്കാരം ഉപേക്ഷിക്കുക. ക്രിസ്തീയ മൂല്യങ്ങൾ കുഞ്ഞുമക്കളിൽ ചെറുപ്പം മുതൽ അഭ്യസിപ്പിക്കുക. ചൊട്ടയിലെ ശീലം ചുടലവരെ എന്നാണല്ലോ.

ആഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഒത്തിരിസ്നേഹത്തോടെ ആശംസിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,
**ജെയ്സനച്ചൻ**

## 20.02.2022 ലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. 2022 ജനുവരിമാസത്തെ കണക്കും ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസാക്കി.

2. ഷോപ്പിംഗ് കോംപ്ലക്സിന് മുകളിലെ ട്രസ്സ് ഏരിയ വാടകയ്ക്ക് നല്കുന്നതിനെ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകാൻ തീരുമാനിച്ചു.

3. കടമുറികളുടെ വാടക Enhance ചെയ്യുന്നതിന് നോട്ടീസ് അയയ്ക്കുന്നതിനും ആവശ്യമെങ്കിൽ നിയമനടപടികളുമായി മുന്നോട്ട് പോകുന്നതിനും തീരുമാനിച്ചു. ഷോപ്പിംഗ് കോംപ്ലക്സിലെ ടി. കടമുറികൾക്ക് ബോർഡ് വയ്ക്കുന്നതിനുള്ള സ്പേസ് നിശ്ചയിച്ച് നല്കുന്നതിന് തീരുമാനിച്ചു. വാടകയ്ക്ക് നല്കിയിരിക്കുന്ന കടമുറികളെ സംബന്ധിച്ച് നിജസ്ഥിതി വിവരിച്ച് ഒരു Write up മരിയനാദത്തിൽ പ്രസിദ്ധീകരിക്കാനും തീരുമാനിച്ചു.

4. കുടുംബകല്ലറകൾക്ക് 2½ ലക്ഷം (രണ്ടരലക്ഷം) രൂപയും ബോക്സ് കല്ലറകൾക്ക് 50,000/- (അമ്പതിനായിരം) രൂപയും എന്ന് പുതുക്കി തീരുമാനിച്ചു. ആയത് 20.02.2022 തിയ്യതി പ്രതിനിധിയോഗത്തിലെ ഈ തീരുമാനത്തോടൊപ്പംതന്നെ പ്രാബല്യത്തിൽ വന്നതായി നിശ്ചയിച്ചു.

5. സെന്റ് ജോസഫ് ഹാളിന്റെ സൈഡിൽ ട്രസ്സ് വർക്ക് ചെയ്ത് ചെറിയ എക്സ്റ്റൻഷൻ ഹാൾ പണിയുന്നതിന് ഉദ്ദേശം 22 ലക്ഷം രൂപ (1700 സ്ക്വയർ ഫീറ്റ്) വരുന്ന ഒരു പ്ലാൻ യോഗത്തിൽ അവതരിപ്പിച്ച് പാസാക്കി.

6. എല്ലാ സംഘടനകളുടേയും കണക്ക് ആറ് മാസം കൂടുമ്പോൾ ഓഡിറ്റിന് വിധേയമാക്കാനും പാസ്ബുക്കുകളും എഫ്.ഡി രശീതികളും ചെക്ക് ബുക്കുകളും പള്ളിയുടെ ലോക്കറിൽ സൂക്ഷിക്കാനും സംഘടനകൾ എന്തെങ്കിലും കലാപരിപാടികൾ നടത്തിയാലും ആയതിന്റെ കണക്കുകളും ഓഡിറ്റിന് വിധേയമാക്കാനും ആവശ്യമായ രേഖകൾ ഇന്റേണൽ ഓഡിറ്റേഴ്സിന് നൽകാനും മറ്റേതെങ്കിലും ഓഡിറ്റിന് വിധേയമായത് അതിന്റെ കോപ്പി നല്കാനും തീരുമാനിച്ചു.

പ്രതിനിധിയോഗം സെക്രട്ടറി
**അഡ്വ. ബിനീത ജോയ്**

# കുടുംബക്കൂട്ടായ്മ കേന്ദ്രസമിതി ജനറൽ ബോഡി തീരുമാനങ്ങൾ

കുടുംബ കൂട്ടായ്മ കേന്ദ്രസമിതി ജനറൽബോഡി മീറ്റിംഗ് ഞായറാഴ്ച 27.3.2022 തിയ്യതി രണ്ടാമത്തെ കുർബാനക്ക് ശേഷം നടന്നു കേന്ദ്ര സമിതിയും യൂണിറ്റികളിലെ ഭാരവാഹികൾ പങ്കെടുത്ത മീറ്റിംഗ് തീരുമാനങ്ങൾ

1) Food ഫെസ്റ്റ് നടത്തുവാൻ മേരി രാജു, സെബാസ്റ്റ്യൻ ഒഴുകയിൽ, സ്റ്റീഫൻ, ബീന, പ്രിൻസ് ഉൾപ്പെടുന്ന കമ്മിറ്റിയെ ഏല്പിച്ചു.
2) കേന്ദ്ര സമിതി യുടെയും യൂണിറ്റ് ഭാരവാഹികളുടേയും പൂർണ സഹകരണം ഉണ്ടായിരിക്കും.
3) അതിരൂപത ഭവന നിർമാണ ദാന പദ്ധതിക്ക് യുണിറ്റ്ലേക്ക് നൽകുന്ന 7കവറുകൾ യൂണിറ്റ് ഭാരവാഹികൾസാധിക്കുന്നത് നൽകി സഹകരിക്കുക 31.3.2022 തിയ്യതിക്കകം തിരിച്ചു ഏല്പിക്കുക.
4) Sports കോർഡിനേറ്റർ ജോഷി ചിറ്റിലപിള്ളി sports day may രണ്ടാം ഞായർ നടത്താനും ഓരോ യൂണിറ്റിൽ നിന്നും ക്യാപ്റ്റൻമാരെ നിയോഗിച്ചു.
5) കലാ മത്സരം മെയ്മാസം നടത്താനും തീരുമാനിച്ചു.

കേന്ദ്ര സമിതി 06.03.22 ലെ മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി വികാരിഅച്ചന്റെ പ്രത്യേക അനുഗ്രഹ പ്രാർത്ഥനയിൽ ദൈവീകസാന്നിധ്യം അനുഭവ ഹൃദ്യമായാ മീറ്റിംഗിൽ എടുത്തു സുപ്രധാന തീരുമാനങ്ങൾ.

1) പെൻഷൻ 2022-23 വർഷത്തെ സ്പോൺസർ മാരെ കണ്ടെത്തിയും, ദശാംശ പിരിവ് യൂണിറ്റ് തോറും പ്രതിമാസം നടത്തിയും യൂണിറ്റ് സംഖ്യ മരിയ നാദം ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തിയും മറ്റും സ്വരൂപിക്കുന്നതിനും 31.03.2022 തീയതിക്കകം നൽകിയ അപേക്ഷകർക് കമ്മിറ്റി പരിഗണിച്ച് പെൻഷൻ നൽകുന്നതിനും തീരുമാനമായി.
2) Food ഫെസ്റ്റ് നടത്തുവാനും തീരുമാനിച്ചു.
3) അതിരൂപത ഭവന നിർമാണ ദാന പദ്ധതിക്ക് യുണിറ്റ്ലേക്ക്

നൽകുന്ന 7കവറുകളിൽ യൂണിറ്റ് ഭാരവാഹികൾ സാധിക്കുന്നത് നൽകി സഹകരിക്കുക.

4) sports കോർഡിനേറ്റർ ജോഷി ചിറ്റിലപിള്ളി sports day മെയ് ആദ്യവാരത്തിൽ നടത്താനും തീരുമാനമായി.

5) ചികത്സ അപേക്ഷ സെന്റ്. ജോൺസ് യൂണിറ്റ് അംഗത്തിന്റെ, അനുവദിച്ചും തീരുമാനമായി.

## മതബോധനവാർത്തകൾ

സ്നേഹമുള്ള മതാദ്ധ്യാപകരെ മതബോധന വിദ്യാർത്ഥികളെ, മാതാപിതാക്കളെ,

ഏവർക്കും ഈസ്റ്ററിന്റെ പ്രാർത്ഥനാശംസകൾ നേർന്നു കൊള്ളുന്നു.

2021-2022 മതബോധന അദ്ധ്യയനവർഷം അവസാനിച്ചു. ദൈവം വർഷിച്ച എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി. നമ്മുടെ വാർഷിക പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. എല്ലാ മക്കളും വിജയം കരസ്ഥമാക്കി. വിജയിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ നേർന്നു കൊള്ളുന്നു. വേനൽക്കാല അവധി അടിച്ചുപൊളിച്ച് ആഘോഷിക്കുവാൻ നിങ്ങളെ എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ. വിശുദ്ധകുർബാനയിൽ അനുദിനം പങ്കെടുക്കുവാൻ മറന്നുപോകരുതെ, ജാഗ്രതപുലർത്തണം.

മതബോധന അദ്ധ്യാപകരുടെ യോഗത്തിൽ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന നമ്മുടെ മതബോധന ഡയറക്ടർ പുന്നശ്ശേരി ജെയ്സൺ അച്ചന് മൊമെന്റോ നൽകി ആദരിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു. അഖിലകേരള അടിസ്ഥാനത്തിൽ മാതൃവേദിയുടെ സെനറ്റ് അംഗമായി തൃശൂർ അതിരൂപതയിൽ നിന്നും തിരഞ്ഞെടുത്ത മേരി രാജു ടീച്ചറെ പ്രത്യേകമായി അഭിനന്ദിക്കുകയും ഭാവുകങ്ങൾ നേരുകയും ചെയ്തു. കോവിഡിന്റെ വിപത്തിൽ കഴിഞ്ഞ രണ്ട് വർഷം നമ്മെ സംബന്ധിച്ചിടത്തോളം ഏറെ വേദനാജനകമായിരുന്നു. ഈ കാലയള

വിൽ പ്രിൻസിപ്പൽ ആയി സേവനം ചെയ്യുവാൻ ദൈവം എന്നെ തിരഞ്ഞെടുക്കുകയും സേവനകാലം പൂർത്തിയാക്കുവാൻ അനുഗ്രഹങ്ങളുടെ പെരുമഴനൽകി അനുഗ്രഹിക്കുകയും ചെയ്തു. 13.3.2022 ന് ഞാൻ പ്രിൻസിപ്പൽ സ്ഥാനത്തുനിന്നും ഒഴിയുകയും ചെയ്തു. ഈ കാലയളവിൽ എന്നെ സഹായിച്ച എല്ലാവർക്കും പ്രത്യേകം നന്ദി. സ്ഥലംമാറിപ്പോ. ജോസഫ് അച്ചനേയും എന്നോടൊപ്പം ആയിരുന്ന അദ്ധ്യാപകരേയും നന്ദിയോടെ ഓർക്കുന്നു. പി.ടി.എ. ഭാരവാഹികളേയും, മാതാപിതാക്കളേയും നിർമ്മല കോൺവെന്റിലെ സന്യാസ സമൂഹത്തേയും നന്ദിയോടെ അനുസ്മരിക്കുന്നു.

അടുത്ത അദ്ധ്യയന വർഷത്തിലേക്ക് നിങ്ങൾ നന്നായി ഒരുങ്ങണം. സജീവവിശ്വാസത്തിൽ വളർന്നുവരുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. പുതിയ പ്രിൻസിപ്പലിനും, മതാദ്ധ്യാപകർക്കും പുതിയ അദ്ധ്യയനവർഷത്തിൽ എല്ലാവിധ അനുഗ്രഹങ്ങളും നേർന്നുകൊള്ളുന്നു. പ്രാർത്ഥനയിലൂടെ നമുക്ക് കണ്ടുമുട്ടാം.

**ബിൽസി ഫ്രാൻസീസ്**
പ്രിൻസിപ്പാൾ

# വിശ്വാസപരിശീലന വാർത്തകൾ

1. വിശ്വാസപരിശീലന വാർഷിക പരീക്ഷകളുടെ ഫലം പള്ളി നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
2. Re-exam (Std I - Std XI) ഫലം അതാതു ക്ലാസ് ടീച്ചർമാർ അറിയിക്കുന്നതായിരിക്കും.
3. ACC, Plus two പരീക്ഷാഫലങ്ങൾ ഏപ്രിൽ ആദ്യ ആഴ്ചയിൽ അതിരൂപത വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.
4. Catechism Unit ന്റെ എല്ലാവിവരങ്ങളും അറിയുന്നതിന് ഒരു blog spot website 10.04.2022ന് പ്രവർത്തനം ആരംഭിക്കുന്നു.
5. ഈ വർഷത്തെ ദൈവദർശൻ ക്യാമ്പ് ഏപ്രിൽ 28, 29, 30ന് ആയിരിക്കും. ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളുടെ ചുമതല മേഴ്സി വിൻസെന്റ് ടീച്ചറിനും 5 മുതൽ 9 വരെ ക്ലാസ്സുകളുടെ ചുമതല ലിറ്റിൽ തെരേസ സിസ്റ്ററിനും ആണ്.
6. Std X, XI, XII ക്ലാസ്സുകളിലെ കുട്ടികൾക്ക് മറ്റൊരു ദിവസമായിരിക്കും ക്യാമ്പ് നടത്തുക.

**ഡയറക്ടർ, കാറ്റികിസം യൂണിറ്റ്**



നാമഹേതുക (24.04.2022)
തിരുനാൾ
ആഘോഷിക്കുന്ന സ്നേഹ
ബഹുമാനപ്പെട്ട
വികാരിയച്ചന് ഇടവക മക്കളുടെ
സ്നേഹ നിർഭരമായ

തിരുനാൾ ആശംസകൾ
**പ്രാർത്ഥനാഹാരങ്ങൾ...**

# Sangeerthanam Tower

Events Hall






PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

## 16-ാം ചരമവാർഷികം

12.04.2022





**കുരുതുകുളങ്ങര കൂള ഇട്ട്യേച്ചൻ മകൻ**

# ജോർജ്ജ്

**അയ്യന്തോൾ**



ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

# 39-ാം ചരമദിനം

**05.03.2022**



**ചാലിശ്ശേരി കാളത്തോട്ടുകാരൻ**

## ദേവസ്സി മകൻ വറീത്



**ജനനം : 17.05.1947**
**മരണം : 24.01.2022**

മഡോണ യൂണിറ്റ്

# മാതൃവേദി വാർത്തകൾ

മാതൃവേദിയുടെ നേതൃത്വത്തിൽ 14 പള്ളികളിലേക്ക് ഒരു തീർത്ഥയാത്ര 12.03.2022 ശനിയാഴ്ച രാവിലെ 9.30 ന് നമ്മുടെ പള്ളിയിൽനിന്ന് പുറപ്പെട്ടു. വികാരിയച്ചന്റെ ആശീർവാദത്തോടെ പ്രാർത്ഥിച്ചശേഷം യാത്ര ആരംഭിച്ചു. ഞങ്ങളുടെ ആനിമേറ്ററായ സി. കാതറിനും ഞങ്ങൾക്ക് യാത്രാമംഗളം നൽകാൻ വന്നിരുന്നു. ആമ്പക്കാട് പള്ളിയിലാണ് ഞങ്ങൾ ആദ്യം പ്രാർത്ഥിക്കാൻ കയറിയത്. പിന്നെ പുറനാട്ടുകര, അടാട്ട്, അമലനഗർ, ചിറ്റിലപ്പിള്ളി, പറപ്പൂർ, തോളൂർ, കുറുമാൽ, പോന്നൂർ, കൂനംമൂച്ചി, മറ്റം, ചിറ്റാട്ടുകര, പാവറട്ടി എന്നീ പള്ളികൾ സന്ദർശിച്ചശേഷം പാലയൂർ പള്ളിയിൽ കയറി ഞങ്ങൾ 14 പള്ളികൾ കുമ്പിടൽ പൂർത്തിയാക്കി. ഓരോ പള്ളിയിലും നിയോഗംവച്ച് ഭക്തിയോടെയുള്ള പ്രാർത്ഥന ഞങ്ങൾക്ക് ഏറെ ആത്മീയനിർവൃതി നൽകി.

അതിനുശേഷം അസ്തമയസൂര്യനെ വീക്ഷിക്കാൻ ഞങ്ങൾ 35 യാത്രക്കാരും ചാവക്കാട് ബീച്ചിലിറങ്ങി. ദൈവാനുഭവവും സന്തോഷവും ആഹ്ലാദവും പകർന്ന ഈ തീർത്ഥയാത്ര കഴിഞ്ഞ് 8.30 pm ഓടെ ഞങ്ങൾ വീടുകളിൽ എത്തിച്ചേർന്നു.

**മേരി രാജു**
മാതൃവേദി സെക്രട്ടറി



അതിരൂപത മാതൃവേദി
സെനറ്റ് മെമ്പറായി
തിരഞ്ഞെടുക്കപ്പെട്ട
ശ്രീമതി മേരി രാജുവിന്
ഇടവകയുടെ

**അഭിനന്ദനങ്ങൾ!!!**

# നിയമവീഥി

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**
സെന്റ് തോമസ് യൂണിറ്റ്

**കരുതലോടെ ബന്ധങ്ങൾ**

മാതാപിതാക്കളേയും സഹോദരങ്ങളേയും ദൈവം നമുക്ക് അനുഗ്രഹിച്ച് തന്നിട്ടുള്ളതാണ്. എന്നാൽ പുതിയ ബന്ധങ്ങൾ തിരഞ്ഞെടുക്കുന്നതിന് നമുക്ക് സ്വാതന്ത്ര്യം ഉണ്ട്. ഇഷ്ടപ്പെട്ട ബന്ധങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കണമെന്ന മുതിർന്നവരുടെ മുന്നറിയിപ്പ് അവഗണിക്കുമ്പോൾ തീരാദുഃഖത്തിലേക്ക് എത്തിപ്പെടുന്നവരുണ്ട്.

എന്റെ ഔദ്യോഗിക ജീവിതത്തിലെ ഒരനുഭവം കേൾക്കൂ. ഒരു അവധിദിവസം ഉച്ചസമയം വീട്ടിൽ കോളിംഗ് ബെല്ലടിച്ചപ്പോൾ വാതിൽ തുറന്ന ഞാൻ കണ്ടത് പൂർണ്ണ ഗർഭിണിയായ ഒരു സ്ത്രീ ദുഃഖത്തോടെ അവളുടെ ഭർത്താവിനെ കാണാനില്ല എന്ന വിവരം എന്നെ ബോധിപ്പിച്ചു. അവളുടെ കയ്യിലുണ്ടായിരുന്ന പ്രതിയുടെ ഫോട്ടോ കണ്ട ഞാൻ അന്ധാളിച്ചു. ഇവൾക്ക് ഒട്ടും ചേരാത്തവിധം അത്ര സുമുഖനായ ഒരു ചെറുപ്പക്കാരൻ. നാട്ടിൽ ഒരു കേസുണ്ട്. അതിന്റെ വാറണ്ട് വാങ്ങി വരാമെന്ന് പറഞ്ഞാണ് പോയത്. തൃശൂർ റെയിൽവേ സ്റ്റേഷനിൽവച്ച് പോലീസ് അയാളെ അറസ്റ്റ് ചെയ്തു. പിന്നെ ഒരു വിവരവുമില്ല.

ഈ സ്ത്രീ കണ്ണൂരിൽ സ്വന്തക്കാരോടൊത്ത് കഴിയുമ്പോഴാണ് പ്രതിയെ കണ്ടുമുട്ടിയത്. അനാഥനാണെന്ന് പറഞ്ഞ അയാൾക്ക് അവളെ വിവാഹം ചെയ്തുകൊടുക്കാൻ വീട്ടുകാർ കൂട്ടാക്കിയില്ല. വീട്ടുകാരെ എതിർത്ത് അവർ വിവാഹിതരായി. വീട്ടുകാർ അവനെ ഒറ്റപ്പെടുത്തി.

ഞാൻ വിയ്യൂർ ജില്ലാ ജയിലിലേക്കും സബ്ബ് ജയിലിലേക്കും വിളിച്ചു ചോദിച്ചു. എന്നാൽ അവർക്കൊരറിവും ഇല്ല എന്നായിരുന്നു മറുപടി. പിന്നെ അവളെക്കൊണ്ട് തൃശൂർ ജില്ലാ സൂപ്രണ്ടിന് നേരിട്ട് ഒരു പരാതി കൊടുപ്പിച്ചു. ഫോട്ടോ കണ്ട് അന്വേഷിച്ച പോലീസ് മേധാവിക്ക് അന്നു തന്നെ അറിയിപ്പു കിട്ടി. കേരളത്തിലെ തെക്കുഭാഗത്തുള്ള ഒരു സ്ഥലത്ത് ജീവനോടെ ഭാര്യയെ ചുട്ടുകൊന്ന കേസിലെ പിടികിട്ടാപ്പുള്ളിയാണിയാൾ. സ്വന്തക്കാരെ അറിയിച്ചു വരുന്നതുവരെ സർക്കാർ മന്ദിരത്തിൽ അവളെ താമസിപ്പിക്കാൻ നിർദ്ദേശിച്ചു. തുടർന്ന് എന്തു സംഭവിച്ചു എന്നത് ഇന്നും അവ്യക്തം.

അന്ധകാരത്തിൽ നടക്കുന്ന കൗമാരക്കാർക്ക് ഒരു മുന്നറിയിപ്പാണിത്. ദൈവത്തിലാശ്രയിച്ച് മുതിർന്നവരെ അനുസരിച്ചാൽ അവർക്ക് നല്ലത്.




# ഓർമ്മിക്കുക ആചരിക്കുക

| | | |
|---|---|---|
| 01.04.2022 | വെള്ളി | **മാസാദ്യവെള്ളി** |
| 03.04.2022 | ഞായർ | **നോമ്പ് ആറാം ഞായർ, പാലയൂർ മഹാതീർത്ഥാടനം** |
| 10.04.2022 | ഞായർ | **നോമ്പ് ഏഴാം ഞായർ, ഓശാന ഞായർ** |
| 13.04.2022 | ബുധൻ | **വി. മാർട്ടിൻ പാപ്പ** |
| 14.04.2022 | വ്യാഴം | **പെസഹാവ്യാഴം** |
| 15.04.2022 | വെള്ളി | **ദുഃഖവെള്ളി** |
| 16.04.2022 | ശനി | **ദുഃഖശനി** |
| 17.04.2022 | ഞായർ | **ഈസ്റ്റർ, ഉയിർപ്പ് ഒന്നാം ഞായർ** |
| 19.04.2022 | ചൊവ്വ | **വി. ലിയോ IX** |
| 20.04.2022 | ബുധൻ | **വി. ആഗ്നെസ്** |
| 22.04.2022 | വെള്ളി | **വി. കായൂസ് പാപ്പ** |
| 23.04.2022 | ശനി | **വി. ജോർജ്ജ്** |
| 24.04.2022 | ഞായർ | **ഉയിർപ്പ് രണ്ടാം ഞായർ, മലയാറ്റൂർ തിരുനാൾ, പുതുഞായർ** |
| 25.04.2022 | തിങ്കൾ | **വി. മാർക്കോസ്** |
| 29.04.2022 | വെള്ളി | **സിയന്നായിലെ വി. കത്രീന** |

## ഇടവകയിലെ എല്ലാവർക്കും

# ഈസ്റ്റർ ദിനാശംസകൾ...

പത്രാധിപസമിതി

# നാടൻ മാവുകൾ

**കർപ്പൂര വരിക്ക**

സാമാന്യം നാരുള്ളതും ഉറപ്പുള്ള ദശയുള്ളതുമായ മാമ്പഴം. കടും ഓറഞ്ച് നിറമാണ് ഇവയുടെ ദശയ്ക്ക്. ജീവകം എ കൂടുതൽ അടങ്ങിയ ഇനം കർപ്പൂരത്തിൻറെ മണവും നല്ല മധുരവുമാണ്. ഇലയ്ക്കും കർപ്പൂരത്തിൻറെ മണമുണ്ട്. ജ്യൂസിനു യോജിച്ച ഇനം.

**താളി മാങ്ങ**

വർഷത്തിൽ മൂന്നു തവണ കായ്ക്കുന്നു. വർഷം മുഴുവൻ ഒരു കുല മാങ്ങയെങ്കിലും കായ്ക്കും. ചെറിയ ഉരുണ്ട മാങ്ങകളുടെ ദശ മൃദുലവും കടും ഓറഞ്ച് നിറമുള്ളതുമാണ്.

**കിളിച്ചുണ്ടൻ**

ആകർഷണീയമായ ചുവപ്പു കലർന്ന ഓറഞ്ച് നിറമാണ്. വർഷത്തിൽ രണ്ടു മൂന്നു തവണ കായ്ക്കും. ഇവയിൽ ചെറിയ കിളിച്ചുണ്ടനും വലിയ കിളിച്ചുണ്ടനും ഉണ്ട്. വലിയ കിളിച്ചുണ്ടൻ അഥവാ തമ്പോരു വിന് 250 ഗ്രാം വരെ തൂക്കമുണ്ട്. നല്ല മധുരവും സാമാന്യം നാരുള്ളതുമാണ്. ഉദരരോഗങ്ങൾക്കെതിരെ ഫലപ്രദം. ശരീരത്തിലെ രക്തയോട്ടം കൂട്ടുന്നു.

പഴത്തിനും അച്ചാറിനും യോജിച്ച ഇനം.

**കസ്തൂരി മാങ്ങ**

പഴുത്താലും ഇരുണ്ട പച്ചനിറം നിലനിൽക്കുന്നു. കട്ടിയുള്ള തൊലിയും കടും ഓറഞ്ചു നിറത്തിലുള്ള ദശയുമുള്ള ഉരുണ്ട മാങ്ങ. വംശനാശ ഭീഷണി നേരിടുന്ന ഇനം.

**നെടുങ്ങോലൻ (കർപ്പൂരം, പോളച്ചിറ മാങ്ങ)**

നല്ല വീതിയുള്ള മാംസളമായ മാങ്ങകളുടെ തൊലിപ്പുറത്ത് ചെറിയ പുള്ളികൾ കാണാം. നാരു തീരെ കുറവും പഴുത്താൽ പുളി ലേശവുമില്ലാത്ത വളരെ സ്വാദുള്ള ഇനം. ജീവകം എ യാൽ സമ്പുഷ്ടം. ഉറപ്പുള്ള മാംസളമായ ദശയോടുകൂടിയ ഈ ഇനത്തിന് നല്ല വാണിജ്യ പ്രാധാന്യമുണ്ട്. അരക്കിലോയാണ് തൂക്കം.

**കോട്ടുക്കോണം വരിക്ക (ചെങ്ക വരിക്ക)**

തിരുവനന്തപുരം ജില്ലയുടെ തനതായ നാടൻ മാവിനം. ആകർഷണീയമായ ചുവപ്പ് കലർന്ന ഓറഞ്ച് നിറമുള്ള തൊലിയും കുടം ഓറഞ്ചു നിറം ദശയുമുള്ള ഇവയുടെ പഴങ്ങൾ രുചികരമാണ്. ഈ ഇനം മാവുകൾക്ക് രോഗപ്രതിരോധ ശക്തി കൂടുതലായിരിക്കും

കടപ്പാട്
**ഡോ. സിമി എസ്**
(അസി.പ്രൊഫസർ, കൃഷിവിജ്ഞാൻ കേന്ദ്ര, അമ്പലവയൽ)

# മറക്കാനാവാതെ....

**റോസിലി ജോസഫ്**
സെന്റ് സേവിയേഴ്സ് യൂണിറ്റ്

1999 കാലഘട്ടം തൃക്കൂർ പഞ്ചായത്ത് സെക്രട്ടറിയായി ജോലി ചെയ്യുകയായിരുന്നു. ഒക്ടോബർ 12-ാം തീയ്യതി ഞാൻ ഔദ്യോഗിക ആവശ്യത്തിനായി ഒരു കേസുമായി ബന്ധപ്പെട്ട് ഇരിങ്ങാലക്കുട കോടതിയിലേക്ക് പോയി. ഉച്ചയോടെ ഞാൻ തിരിച്ചു പോന്നു. തൃശ്ശൂർക്കുള്ള ബസ്സിൽ തിരക്കു കുറവായിരുന്നു. പക്ഷേ ഡ്രൈവർ അലക്ഷ്യമായും, അതിവേഗത്തിലുമാണ് വണ്ടി ഓടിച്ചത്. ബസ് കണിമംഗലം മേൽപാലത്തിനടുത്തെത്തി. പെട്ടെന്ന് വണ്ടി ചരിയുന്നതുപോലെ, സീറ്റിലുണ്ടായിരുന്നവർ മറുവശത്തേക്ക് വല്ലാതെ ചായുന്നതുപോലെ പിന്നെ എന്താണ് സംഭവിച്ചതെന്ന് എനിക്കോർമ്മയില്ല. കണ്ണ് തുറന്നപ്പോൾ ഞാനും മറ്റൊരു സ്ത്രീയും സീറ്റിനടിയിൽ. ബസ്സിൽ മറ്റാരുമില്ല. ബസ് റോഡിനരികെ ഒരു കിണറിനടുത്ത് ചരിഞ്ഞ് കിടക്കുന്നു. ഞങ്ങൾ ഡോർ തുറക്കാൻ നോക്കി. നാട്ടുകാർ ഞങ്ങളെക്കണ്ടപ്പോൾ മുൻവശത്തെ പൊട്ടിച്ച ചില്ലിലൂടെ പുറത്തിറക്കി ആശുപത്രിയിലേക്ക് നിർബന്ധപൂർവ്വം കൊണ്ടുപോയി. ബസ്സിലുണ്ടായിരുന്നവരെ ഈ ഭാഗത്തുകൂടെയാണ് പുറത്തെടുത്തത്. തരിച്ചിരുന്നതിനാൽ മുഖത്തെ മുറിവുകൾ ഞാൻ അറിഞ്ഞില്ല. വാർന്നൊഴുകിയ രക്തമെല്ലാം തുടച്ച് നേഴ്സ് മൂന്നിടത്തായി 12 സ്റ്റിച്ചുകൾ ഇട്ടു. വീട്ടിലെ ഫോൺനമ്പർ ഒരുനിമിഷം ഞാൻ മറന്നുപോയി. പിന്നെ ഓർത്തു. ഉച്ചക്കു ഊണുകഴിക്കാൻ വന്ന സമയത്ത് ഫോൺ അടിച്ചതിനാൽ ഭർത്താവ് വിവരം അറിഞ്ഞ് ഓടിയെത്തി. തലയിലും മറ്റും വലിയ ബാൻഡേജുമായി കാഷ്വാലിറ്റിയിൽ നിന്നും സ്ട്രെച്ചറിൽ കൊണ്ടുവരുന്നത് കണ്ടു ഭർത്താവ് പകച്ചുപോയി. പിന്നെ ഞങ്ങൾ വീട്ടിൽ പോയി. ദൈവകൃപ ഒന്നു മാത്രമാണ് ഞാൻ ധൈര്യപൂർവ്വം പിടിച്ചുനിന്നത്. വീട്ടിലെത്തിയപ്പോഴാണ് ആക്സിഡന്റിനെപ്പറ്റി പത്രത്തിൽ വന്ന വാർത്ത ഞാൻ അറിയുന്നത്. ഫോട്ടോ സഹിതം ബസും പരിക്കേറ്റവരുടെ പേരു വിവരവും വലിയ വാർത്തയായി ഇട്ടിരുന്നു. ഒരാൾ മരിച്ചുപോയത്രേ! എന്നെ താങ്ങിയ അദൃശ്യശക്തിയെ ഓർത്ത് ആ ദിവസം മുഴുവൻ സ്തുതിച്ച് കഴിച്ചുകൂട്ടി.

ലീവ് കഴിഞ്ഞ് ജോലിക്കുപോകാൻ ബസിൽ കയറുമ്പോൾ എന്നെ ഒരു ഭയം വേട്ടയാടി. ഇന്നും മറക്കാനാവാത്ത ഒരു തേങ്ങലായി അതെന്നിൽ അവശേഷിക്കുന്നുണ്ടോ? നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവൻ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും എന്നാണല്ലോ തിരുവെഴുത്ത്. സർവ്വേശ്വരന് എന്നും സ്തുതിയും പുകഴ്ചയും നന്ദിയും മാത്രം....

# വിശുദ്ധവാര കർമ്മങ്ങൾ

| | | |
|---|---|---|
| രോഗികൾക്കായുള്ള | | |
| കുമ്പസാര ദിനം | : | ഏപ്രിൽ 6 ബുധൻ |
| വാർഷിക ധ്യാനം | : | റവ. ഫാ. ചാൾസ് ചിറമ്മൽ |
| തിയ്യതി | : | ഏപ്രിൽ 8, 9, 10 (വെള്ളി, ശനി, ഞായർ) |
| സമയം | : | 6pm - 8.30 pm |
| **കുമ്പസാര ദിനങ്ങൾ** | | |
| തിയ്യതി | : | ഏപ്രിൽ 11,12,13 (തിങ്കൾ, ചൊവ്വ, ബുധൻ) |
| സമയം | : | 6 pm - 8 pm |
| **വയോജന ദിനം** | | |
| പെസഹാവ്യാഴം | : | കാലുകഴുകൽ ശുശ്രൂഷ |
| | : | യൂണിറ്റടിസ്ഥാനത്തിൽ ആരാധന |
| | : | പൊതു ആരാധന |
| ദുഃഖവെള്ളി | : | പീഡാനുഭവ കർമ്മങ്ങൾ |
| **പരിഹാര പ്രദക്ഷിണം** | | |
| ദുഃഖശനി | : | |
| ഉയിർപ്പു ഞായർ | : | പാതിരാ കുർബാന |
| രണ്ടാമത്തെ കുർബാന | : | 6.30 am |



# വചനമുത്തുകൾ

(33 പ്രാവശ്യം ഉരുവിടണം)

രോഗം :

1. ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല. – ഏശയ്യാ 40:31
2. മകനേ, രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോടു പ്രാർത്ഥിക്കുക; അവിടുന്ന് നിന്നെ സുഖപ്പെടുത്തും. – പ്രഭാ. 38:9

വീട് പണി :

1. കർത്താവ് വീടുപണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്. – സങ്കീ. 127:1

സാമ്പത്തികഞെരുക്കം:

ദരിദ്രനെ സമ്പന്നനാക്കാൻ കർത്താവിന് ഒരു നിമിഷം മതി. – പ്രഭാ. 11.22

കർത്താവിന്റെ അനുഗ്രഹമാണ് ദൈവഭക്തനു സമ്മാനം, അതു ക്ഷണനേരം കൊണ്ടു പൂവണിയുന്നു. – പ്രഭാ. 11:22

പഠനം :

സ്വർഗ്ഗത്തിന്റെ ദൈവം ഞങ്ങൾക്കു വിജയം നൽകും. – നെഹെമിയാ 2:20

യാത്രപോകുമ്പോൾ :

നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടു കൂടെ ഉണ്ടായിരിക്കും. – ജോഷ്വാ 1:9

പരീക്ഷാവിജയം :

സീയോനെ, ഭയപ്പെടേണ്ടാ, നിന്റെ കരങ്ങൾ ദുർബലമാകാതിരിക്കട്ടെ, നിന്റെ ദൈവമായ കർത്താവ് വിജയം നൽകുന്ന യോദ്ധാവ് നിന്റെ മധ്യേ ഉണ്ട്. – സെഫാനിയാ 3:17

മദ്യപാനം നിർത്താൻ വേണ്ടി :

നമുക്കെതിരേ വരുന്ന ശത്രുക്കളെയും ലോകം മുഴുവനെത്തന്നെയും അംഗുലീചലനം കൊണ്ടു തറപറ്റിക്കാൻ കഴിയുന്ന സർവ്വശക്തനായ ദൈവത്തിലാണു നമ്മുടെ പ്രത്യാശ. – 2 മക്കബായർ 8:18

അസാധ്യകാര്യങ്ങൾ സാധ്യമാക്കുന്നതിന്:

മനുഷ്യർക്കു അസാധ്യമായതു ദൈവത്തിനു സാധ്യമാണ്. – ലൂക്കാ 18:27

**ബബിത ജോഷി**



# പെസഹാ വ്യാഴം – ചില ആചാരങ്ങൾ

**പെസഹാ അപ്പം**

1. അരിപ്പൊടി വറുത്തത് - അരക്കിലോ
2. തേങ്ങ ചുരണ്ടിയത് - 1 തേങ്ങ
3. തേങ്ങ ചെറുതായി അരിഞ്ഞുവറുത്തത് - 1 മുറി തേങ്ങ
4. ഉഴുന്ന് വറുത്ത് പൊടിച്ചത് - 2 സ്പൂൺ

ഇവയെല്ലാം ആവശ്യത്തിന് വെള്ളമൊഴിച്ച് കുഴച്ചുവയ്ക്കുക. ഒരുമണിക്കൂർ കഴിഞ്ഞ് ദോശത്തട്ടിൽ എണ്ണ പുരട്ടി ചുട്ടെടുക്കുക. രണ്ടുഭാഗവും മൊരിയിച്ചെടുക്കണം.

**പെസഹാ അപ്പം മുറിക്കൽ**

വൈകുന്നേരം 6 മണിയോടെ ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും കുളിച്ചൊരുങ്ങുന്നു. കുടുംബപ്രാർത്ഥന ചൊല്ലിയശേഷം അപ്പൻ എല്ലാവർക്കും പാൽ പകർന്നുനൽകുന്നു. ഭാര്യ, മക്കൾ, പ്രായക്രമത്തിലാണ് പെസഹാപാൽ സ്വീകരിക്കുവാൻ നിൽക്കുക. ജ്യേഷ്ഠാനുജന്മാർ അടുത്തടുത്താണ് താമസമെങ്കിൽ ആ വീടുകളിലും എല്ലാവരും ഒത്തുചേരും, അപ്പം മുറിക്കൽ പരിപാടികളിൽ പങ്കെടുക്കും. പകൽസമയം ആരാധനയിലും സ്തുതിഗീതങ്ങളിലും മുഴുകുന്നു. ദുഃഖവെള്ളിക്കൊരുക്കമായി അപ്പംമുറിക്കൽ കഴിഞ്ഞ് കുരിശിന്റെ വഴി (വിയാസാഗ്ര) ചൊല്ലുന്നു.

**സി. ഡോണ,**
നിർമ്മല കോൺവെന്റ്,
അയ്യന്തോൾ

“ഒരു പുതുചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും”
(എസക്കി : 36 26)

# 9-ാം ചരമവാർഷികം
16.04.2022



## മുട്ടകുളം മാത്യു മകൻ
# ജോസഫ്

ജനനം : 26.12.1956
മരണം : 16.04.2013

മറക്കാത്ത ഓർമ്മകളുമായി
കുടുംബാംഗങ്ങൾ

മഡോണ യൂണിറ്റ്







# Baptism

26.12.2021

## Mikhael Rose Raphael

Best wihes

**Thomas .A.J & Family**
**Ayyanthole (H) Ayyanthole**




1st
HAPPY
BIRTHDAY
18.03.2022
Mikhael Rose Raphael

## 9-ാം ചരമവാർഷികം

27.04.2022



### കരേരക്കാട്ടിൽ ഡേവിസ് ഭാര്യ

# അൽഫോൻസ

ജനനം : 09.08.1956

മരണം : 27.04.2013

സ്നേഹസ്മരണകളോടെ

കുടുംബാംഗങ്ങൾ

ലിറ്റിൽ ഫ്ളവർ യൂണിറ്റ്

## കാരുണ്യവാനായ ദൈവത്തിന്റെ
# കൃപ ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ

**ജോസ് ഇമ്മട്ടി,** സെന്റ് പീറ്റർ യൂണിറ്റ്,

1. സത്യത്തിന് വേണ്ടി ജീവിതം നിലകൊള്ളുക.
2. ദൈവത്തിന് ജീവിതത്തിൽ പ്രഥമസ്ഥാനം നൽകണം.
3. മുതിർന്നവരെ എല്ലായ്പ്പോഴും ബഹുമാനിക്കണം.
4. മാതാപിതാക്കന്മാരെ ചെറുപ്പം മുതൽ ആത്മാർത്ഥമായി ബഹുമാനിക്കണം.
5. നമുക്ക് വിദ്യ തരുന്ന അദ്ധ്യാപകരെയും ഗുരുക്കന്മാരെയും ആത്മാർത്ഥമായി ബഹുമാനിക്കണം. അവരെ അനുസരിക്കണം.
6. നമ്മൾ ചെയ്യുന്ന സേവനങ്ങൾക്ക് പ്രതിഫലമോ, ജനങ്ങളുടെ പ്രശംസയോ പ്രതീക്ഷിക്കാതെ എല്ലാം ദൈവഹിതത്തിനായി വിട്ടുകൊടുക്കുക.
7. ചെറിയ കാര്യങ്ങൾക്കുപോലും മറ്റുള്ളവരോട് നന്ദി പറയുക.
8. നമ്മുടെ വീടുകളിൽ എന്ത് ഭക്ഷണമുണ്ടാക്കിയാലും മാതാപിതാക്കന്മാരോട് പരാതി പറയാതെ ഭക്ഷിക്കുവാൻ പരിശ്രമിക്കുക.
9. ഭാര്യാഭർത്താക്കന്മാർ ജീവിതപങ്കാളിയെ പരസ്പരം വിശ്വസിക്കുകയും, പരസ്പരം തെറ്റിദ്ധാരണകൾ ഒഴിവാക്കുവാനും ശ്രമിക്കുക.
10. ദാനധർമ്മാദികളാൽ പാവപ്പെട്ടവരെ സഹായിക്കുവാനുള്ള മനഃസാക്ഷി ഉണ്ടാക്കുവാൻ ശ്രമിക്കുക.
11. ഒരിക്കലും ശത്രുക്കളോട് പ്രതികാരം ചെയ്യാതെ ക്ഷമിക്കുവാൻ പരിശ്രമിക്കുക.
12. അഹങ്കാരം, ഗർവ്, അഹംഭാവം എന്നീ തിന്മകളെ ഉപേക്ഷിച്ച് പരസ്പരം പുഞ്ചിരിയോടെ മനുഷ്യരോട് പെരുമാറുക - അപ്പോൾ ശത്രു മിത്രമാകും.
13. ശത്രുവിന്റെ പതനത്തിൽ ആഹ്ലാദിക്കരുത്.
14. മറ്റുള്ളവരെ പരസ്പരം പാരപണിയാതെ ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിച്ച് ജീവിക്കുവാൻ പരിശ്രമിക്കുക.
15. പരിഹാസത്തിന്റെയും അവഗണനയുടെയും കൂരമ്പുകൾ ഉപേക്ഷിച്ച് സഹായത്തിന്റെ പനിനീർ പുഷ്പങ്ങൾ വിതറുന്ന മുഖങ്ങളായി ജീവിക്കുവാൻ പരിശ്രമിക്കുക.

## കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ 14 പള്ളികളിലേക്ക് നടത്തിയ നോമ്പുകാല

## തീർത്ഥ യാത്രയിൽ പങ്കെടുത്തവർ



ആർത്തുങ്കൽ പള്ളിയിലേക്ക് തീർത്ഥ യാത്ര അയ്യന്തോൾ ഇടവക കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ 14 പള്ളികളിലേക്ക് 27.03.2022 ഞായറാഴ്ച ഭക്തി നിർഭരമായ നോമ്പുകാല തീർത്ഥയാത്ര നടത്തി.

ആലപ്പുഴയിലെ ആർത്തുങ്കൽ പള്ളി വരെ പോയ യാത്രയിൽ കൊടകര സെന്റ് ജോസഫ് പള്ളി, ചാലക്കുടി സെന്റ് മേരിസ് പള്ളി, കൊരട്ടി ലത്തീൻ പള്ളി, കൊരട്ടി മുത്തിയുടെ പള്ളി, അങ്കമാലി സെന്റ് ജോർജ് ബസ്‌ലിക്ക, വല്ലാർപാടം ബസ് ലിക്ക, എറണാകുളം സെന്റ് മേരിസ് കാത്തീഡൽ ബസ് ലിക്ക, എറണാകുളം സെൻറ് ഫ്രാൻസിസ് അസ്സിസി കത്തീഡ്രൽ, ഇൻഫെന്റ് ജീസസ് ചർച്ച് ഹൈകോർട്ട്, ഏലംകുളം ലിറ്റിൽ ഫ്ളവർ ചർച്ച്, കൃപാസനം മരിയൻ തീർത്ഥാടന കേന്ദ്രം, തങ്കി സെന്റ് മേരിസ് പള്ളി, സെന്റ് ജോർജ് ഫോറോനാ പള്ളി ഇടപ്പള്ളി തുടങ്ങി 14 പള്ളികൾ സന്ദർശിച്ചു പ്രാർത്ഥന നടത്തി.

ടോണി തരകൻ, സജീഷ് പനക്കൽ, ജോഫിൻ കൊളങ്ങര, ജോൺസൺ കാഞ്ഞിരത്തിങ്കൽ, വിൽസൺ കെ.ആർ, ജെൽഫൻ വടക്കൻ, സെബാസ്റ്റ്യൻ എലുവത്തിങ്കൽ, ജോസഫ് കോടങ്കണ്ടത്ത്, സാബു തരകൻ എന്നിവർ നേതൃത്വം നൽകി. 49 പേർ തീർത്ഥ യാത്രയിൽ പങ്കെടുത്തു. തീർത്ഥ യാത്രയോട് സഹകരിച്ച ഏവർക്കും, പ്രത്യേകിച്ച് വികാരി ജെയ്സൺ പുന്നശ്ശേരി അച്ചനോടും നന്ദി രേഖപെടുത്തുന്നു.

**ജെയിംസ് മുട്ടിക്കൽ**

പ്രസിഡന്റ് : 9447614630

# അയ്യോ, ഒന്നിനും സമയമില്ല

**ലൂസി ജോയ്**
സെന്റ് സേവ്യർ യൂണിറ്റ്

എല്ലാവരും പറയുന്ന ഒരു ചൊല്ലാണ് ഇത്. എന്തുകൊണ്ടാണ് നമുക്ക് സമയമില്ലാത്തത്? ദിവസം 24 മണിക്കൂറാണ് എന്ന് എല്ലാവർക്കും അറിയാം. സൂര്യനും ചന്ദ്രനും മറ്റ് ആകാശഗോളങ്ങളും അവയുടെ ജോലി കൃത്യമായി ചെയ്യുന്നു. പിന്നെ എങ്ങനെയാണ് നമുക്ക് ഒന്നിനും സമയമില്ലാത്തത്?

എല്ലാറ്റിനും ഒരു കൃത്യത ഉണ്ടായിരിക്കണം. രാവിലെ ഉണരുമ്പോൾതന്നെ "ദൈവത്തെ സ്തുതിച്ച് എന്റെ എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തിത്തരണമേ" എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഉണരണം. നമുക്ക് നമ്മുടെ ജോലികൾക്കെല്ലാം ഒരു പ്ലാനിങ്ങ് വേണം. അന്നത്തെ ജോലി അന്നുതന്നെ ചെയ്തുതീർക്കണം. ഇന്ന് നല്ല ക്ഷീണമുണ്ട്. ഇനി ഇത് നാളെ ചെയ്യാം. അത് നമ്മുടെ സമയം നഷ്ടപ്പെടുത്തും. നാളെ നമുക്ക് ജോലി ഇരട്ടിയാകും. അതും സമയനഷ്ടമാണ്. വളർന്നുവരുന്ന നമ്മുടെ മക്കളേയും നാം കൃത്യനിഷ്ഠയും പ്ലാനിങ്ങും എല്ലാം പഠിപ്പിക്കണം. ഉത്തവാദിത്വം കൊടുക്കണം.

നാം വിദേശീയരെ ശ്രദ്ധിച്ചിട്ടുണ്ടോ? നമ്മുടെ നാട്ടിൽ വരുന്ന വിദേശീയരുടെ വേഷത്തെക്കുറിച്ചും നടപ്പിനെക്കുറിച്ചുമെല്ലാം നാം ചർച്ചചെയ്യും. പക്ഷേ അവരുടെ നല്ല കാര്യങ്ങൾ നാം അനുകരിക്കില്ല. മാതാപിതാക്കൾ സ്വന്തം മക്കളുടെ വീട്ടിലേക്ക് പോകുമ്പോൾ പോലും അവരുടെ അനുവാദം ചോദിക്കും. "ഞാൻ ഈ സമയത്ത് അവിടെ കൃത്യം... വരട്ടെ?" അവർക്ക് സമയമുണ്ടെങ്കിൽ മാത്രമെ അവർ അവിടെ പോകുകയുള്ളൂ. നമ്മൾ ജോലി കഴിഞ്ഞു വരുന്ന യാത്രയിൽ ഇന്നു കുറച്ച് സമയമുണ്ടല്ലോ, കൂട്ടുകാരിയുടെ വീട്ടിൽ ഒന്നു കയറിക്കളയാം. അവർക്കാണെങ്കിൽ നല്ല ജോലിത്തിരക്കായിരിക്കും. പക്ഷെ, കൂട്ടുകാരി വന്നതല്ലേ? അവരും ജോലിത്തിരക്ക് മറന്ന് സംസാരിക്കാനിരിക്കും. ഇത് രണ്ടുകൂട്ടരുടേയും സമയനഷ്ടമാണ്.

ഓരോ ദിവസവും ജോലി കഴിയുമ്പോൾ ഇന്ന് എങ്ങനെ ചെയ്തുതീർത്തു എന്ന് വിലയിരുത്തിയാൽ നമുക്ക് പിറ്റേദിവസം കുറച്ചുകൂടി സമയം ലാഭിക്കാം.

# ബാലസാഹിത്യരചന

## ത്രോണോസ്

**ഫ്രാങ്കോ ആന്റണി ഇമ്മാനുവൽ**
ക്രിസ്തുരാജ യൂണിറ്റ്

'അൾത്താര' എന്ന മലയാള പദത്തിന്റെ ലത്തീൻവാക്കാണ് 'അൾത്താർ'. യാഗവേദി, ബലിപീഠം എന്നൊക്കെയാണ് ഇതിനർത്ഥം. സുറിയാനി സഭ ഇതിനെ 'മദ്ബഹ' എന്ന് വിശേഷിപ്പിക്കുന്നു. ക്രൈസ്തവ ദേവാലയങ്ങളിലെ അതിവിശുദ്ധസ്ഥലമായതിനാൽ സിംഹാസനം എന്നർത്ഥമുള്ള 'ത്രോണോസ്' എന്ന പദം സഭ ഉപയോഗിക്കുന്നു. മരം കൊണ്ടുള്ള ഒരു മേശയാണ് അൾത്താരയായി ആദ്യകാലത്ത് ഒരു ദേവാലയത്തിൽ ഉണ്ടാവുക. ഓരോ വീട്ടിലും ആദിമക്രിസ്ത്യാനികൾ ഒരു മേശ ബലിപീഠമായി ഉപയോഗിച്ചിരുന്നു.

സ്വർഗ്ഗീയ പിതാവിന്റെ സിംഹാസനത്തിനരികെ നില്ക്കുന്ന അൾത്താര ശുശ്രൂഷകർ യേശുവിന്റെ ബലിയർപ്പണത്തിൽ മാലാഖമാരുടെ ശുശ്രൂഷയുടെ സ്ഥാനം വഹിക്കുന്നവരാണ്. മക്കളേ നിങ്ങൾ ഇനി അനാസ്ഥ കാണിക്കരുത്. തന്റെ സന്നിധിയിലിൽ നില്ക്കാനും, തനിക്ക് ശുശ്രൂഷ ചെയ്യാനും, ധൂപം അർപ്പിക്കാനും കർത്താവ് നിങ്ങളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്.'' (2 ദിന 29/11)



### കെ. സി.വൈ.എം തൃശ്ശൂർ അതിരൂപത

വനിതാ ദിനാഘോഷത്തിന്റെ ഭാഗമായി ഒരുക്കിയ 'Cut Hair & Cancer' കാൻസർ രോഗികൾക്കായുള്ള കേശദാന ക്യാമ്പ് 2022 ഫെബ്രുവരി 27 ഞായറാഴ്ച്ച 2.30 PM മാർ. കുണ്ടുകുളം ഹാൾ, പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു .ഇതിൻറെ ഭാഗമായി ബസിലിക്ക ഫൊറോനയിൽ നിന്നും അയ്യന്തോൾ യൂണിറ്റിനെ പ്രതിനിധീകരിച്ചുകൊണ്ട് ആഞ്ചല നിക്സനും മരിയ ടോണിയും കേശം ദാനം ചെയ്തു എന്ന് സന്തോഷപൂർവ്വം ഏവരെയും അറിയിക്കുന്നു.

# വിൻസെന്റ് ഡി പോൾ വാർത്തകൾ

## Poor Home Visit

27.03.22 ഞായറാഴ്ച കാലത്ത് 11 മണിയോടെ ഞങ്ങൾ (Ladies & Gents അംഗങ്ങൾ) 15 പേർ Poor Home Visit നായി പുറപ്പെട്ടു. കാരമുക്ക് ഉള്ള കൃപാസദനം എന്ന അഗതിമന്ദിരത്തിലേക്കാണ് പോയത്. 12 പ്രായമായ അമ്മമാരും 4 സിസ്റ്റേഴ്സും ഉൾപ്പെടെയുള്ള ഒരു സ്ഥാപനമായിരുന്നു.

ആ അമ്മമാരും ഞങ്ങളിൽ പാട്ടുപാടാൻ കഴിവുള്ള വ്യക്തികളും ചേർന്ന് ക്രിസ്തീയഗാനങ്ങൾ പാടി ഒരുമണിക്കൂർ ചില വഴിച്ചു.

ഞങ്ങൾ മെമ്പേഴ്സ് നല്കിയ സംഭാവനകൾ അവർക്ക് നല്കി. ഞങ്ങൾ യാത്ര തിരിച്ചു.

10.4.2022 ഓശാന ഞായർ 11 AM മണിക്ക് 70 വയസ്സായ, പള്ളിയിൽ വരാൻ സൗകര്യമില്ലാത്തവരെ ഉൾക്കൊള്ളിച്ച് അവർക്കു വേണ്ടി ഒരു കുർബാന അർപ്പിക്കുന്നു.

വരാൻ താല്പര്യമുള്ളവർ വിൻസന്റ് ഡി പോൾ ഓഫീസുമായി ബന്ധപ്പെടുക.

10.04.2022 ഓശാന ഞായർ 1 pm ന് മലയാറ്റൂർക്ക് യാത്ര പോകുന്നു. വരാൻ താല്പര്യമുള്ളവർ Roy : 9961180768 മായി ബന്ധപ്പെടുക. ഒരാൾക്ക് 300/- രൂപ മാത്രം.

പ്രസിഡന്റ്<br>
ജേക്കബ് തോലത്ത്<br>
ജോർലിൻ ജോഷി






പുറപ്പാട് യാത്രയിൽ ഇസ്രായേൽക്കാരെ നയിക്കാൻ മോശയുടെ മരണശേഷം ദൈവം ജോഷ്വയെയാണ് നിയോഗിച്ചത്. ജോഷ്വയുടെ പുസ്തകത്തിൽ 10-ാം അധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു അസാധാരണ സംഭവമാണ് ഇവിടെ വിവരിക്കുന്നത്.

കാനാൻദേശത്തെ ഓരോ രാജ്യവും ജോഷ്വയും ഇസ്രായേൽ ജനവും കീഴടക്കി വരവേ ഗിബയോൻ എന്ന സ്ഥലത്തെ ജനങ്ങൾ ജോഷ്വായുമായി ഒരു ഉടമ്പടി സന്ധിയുണ്ടാക്കി ഇസ്രായേൽ ജനത്തിനിടയിൽ വസിച്ചു. ഇതറിഞ്ഞ ജറുസലെം രാജാവും പ്രജകളും പരിഭ്രാന്തരായി. കാരണം ഗിബയോൻ ശക്തരായ ജനങ്ങളുള്ള വലിയ ഒരു പട്ടണമായിരുന്നു. ജറസലെം രാജാവ് മറ്റു അഞ്ചു രാജാക്കന്മാരെ കൂട്ടി ഗിബയോനെതിരെ യുദ്ധം ചെയ്തു. ഗിബയോനിലെ ജനങ്ങൾ ജോഷ്വയെ വിവരമറിയിച്ചു. കർത്താവ് ജോഷ്വയോട് അരുളിചെയ്തു. “അവരെ ഭയപ്പെടേണ്ട; ഞാൻ അവരെ നിന്റെ കരങ്ങളിൽ ഏല്പിച്ചു തന്നിരിക്കുന്നു.” ജോഷ്വാ അവർക്കെതിരെ മിന്നലാക്രമണം നടത്തി. അവർ തിരിഞ്ഞോടിയപ്പോൾ കർത്താവ് അവരുടെ മേൽ കൻമഴ വർഷിച്ചു. വാളുകൊണ്ട് നിഗ്രഹിച്ചവരേക്കാൾ കൂടുതൽ പേർ കൻമഴകൊണ്ട് മരണമടഞ്ഞു. ജോഷ്വ കർത്താവിനോട് പ്രാർത്ഥിച്ചു. അനന്തരം അവർ കേൾക്കെപ്പറഞ്ഞു, “സൂര്യാ നീ ഗിബയോനിൽ നിശ്ചലമായി നിൽക്കുക; ചന്ദ്രാ നീ അയ്യലോൺ താഴ്വരയിലും നില്ക്കുക.” അവർ ശത്രുക്കളോട് പ്രതികാരം ചെയ്യുന്നതുവരെ സൂര്യൻ നിശ്ചലമായി നിന്നു. ചന്ദ്രൻ അനങ്ങിയതുമില്ല. യാഷാറിന്റെ പുസ്തകത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ആകാശമദ്ധ്യേ സൂര്യൻ ഒരുദിവസം മുഴുവനും അസ്തമിക്കാതെ നിന്നും. കർത്താവ് ഒരു മനുഷ്യന്റെ വാക്കുകേട്ട് ഇസ്രായേലിനു വേണ്ടി യുദ്ധം ചെയ്ത ആ ദിവസം പോലെ ഒരു ദിവസം അതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല.

കർത്താവിനോട് ചേർന്നു നിന്നാൽ നമ്മുടെ ജീവിതപ്രശ്നങ്ങളിലും അവിടുന്ന് ശക്തമായി പ്രവർത്തിക്കും. കർത്താവ് നിന്റെ വ്യാപാരങ്ങളെ ഇന്നുമെന്നേക്കും കാത്തുകൊള്ളും (സങ്കീ 121/8)

# മംഗളവാർത്ത

കേൾക്കുമ്പോൾ ശുഭസുഖദമായ വാർത്ത - മംഗളകരമായ വാർത്ത. ഇത് മറിയത്തിനല്ലാതെ മറ്റാർക്കും ലഭിച്ചില്ല. ഒരു ഗ്രാമീണ കന്യകയുടെ അടുത്തേക്ക് ഗബ്രിയേൽ ദൂതൻവഴി അയയ്ക്കപ്പെട്ട സന്ദേശം. ഒതുക്കവും ദൈവഭക്തിയും മിതത്വവും നിറഞ്ഞ വ്യക്തിത്വത്തിനുള്ള സമ്മാനം. ദൈവദൂതന്റെ സാന്നിധ്യം കണ്ട് ആ കൊച്ചുയുവതി അത്ഭുതപരവശയായി. ദൂതൻ പറഞ്ഞ കാര്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിച്ച് അവൾ പറഞ്ഞു "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ".

പറയാനും കേൾക്കാനും എളുപ്പമുള്ള വചനങ്ങൾ. അനുഭവങ്ങളാകട്ടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഏറെ പ്രയാസം. മംഗളവാർത്താസമയത്ത് തിരുവചനം ഏറ്റുപറയുമ്പോൾ മനസ്സിൽ കണ്ടത് പട്ടുമെത്തയും രാജകീയ സിംഹാസനവുമല്ല. കടന്നുപോകേണ്ടിയിരിക്കുന്ന തിരസ്കരണത്തിന്റേയും ഒറ്റപ്പെടലിന്റയും അനുഭവങ്ങളാണ്. എല്ലാം ദൈവത്തിനു വിട്ടുകൊടുത്ത് അവിടുന്ന് വഴികളിൽ പ്രകാശമായിക്കൊള്ളും എന്ന ദൃഢവിശ്വാസത്തോടെ ജീവിച്ച - വിശുദ്ധിയുടെ പരിമളം പരത്തിയ പ. കന്യകാമറിയം ജീവിതം ദുർഘടമായി, ജീവിതസാഗരത്തിൽപ്പെട്ടുഴലുന്നവർക്ക് ശക്തിയേറിയ പങ്കായമാണ്.

നമ്മുടെ ആഗ്രഹങ്ങൾക്കും സ്വപ്നങ്ങൾക്കുമെതിരായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ മംഗളവാർത്താ നിമിഷങ്ങളിൽ മേരി - ദൈവമാതാവു പെരുമാറിയതുപോലെ വർത്തിക്കാൻ ദൈവത്തോടു നമുക്ക് ശക്തി യാചിക്കാം. മാർച്ച് 25 മംഗളവാർത്താത്തിരുനാൾ ആയി ആചരിക്കുമ്പോൾ പ.അമ്മയോടുള്ള സ്നേഹത്തെപ്രതി അന്ന് രാത്രി 12 മണിക്ക് ഉറക്കമുണർന്ന് മറിയത്തോടു മാദ്ധ്യസ്ഥം യാചിക്കുക. അതുവഴി ജീവിതത്തിലെ പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുക എന്നത് അപൂർവ്വം ചിലരെങ്കിലും അനുഷ്ഠിക്കുന്ന ഒരു പുണ്യകൃത്യമാണ്. ജപമാല ചൊല്ലിയും നന്മനിറഞ്ഞ മറിയമേ എന്ന ജപം ചൊല്ലിയും പ.കന്യകാമറിയത്തോടുള്ള സ്നേഹം ഈ മാർച്ച് മാസത്തിലും തുടർന്നുള്ള മാസങ്ങളിലും അനുസ്യൂതം തുടരാം. അമ്മയുടെ തണലിൽ വിശ്രമിക്കാനുള്ള വരം ലഭിക്കത്തക്കവിധത്തിൽ നന്മനിറഞ്ഞവരാകാം. ഈ പുണ്യം മനസ്സിൽ - നമ്മുടെ കുടുംബത്തിൽ - സമൂഹത്തിൽ പൂത്തുലയട്ടെ.

**സി. ഗ്രെയ്സ് ചാക്കൊ,**
നിർമ്മല കോൺവെന്റ്

# എൻ രോദനം

**ശോഭന ആന്റോ**
ഹോളിട്രിനിറ്റി യൂണിറ്റ്

അഗാധത്തിൽ നിന്നും നിന്നെ വിളിക്കുമ്പോൾ
എൻ രോദനം നാഥാ കേൾക്കേണമെ.
എണ്ണിയാൽ തീരാത്ത പാപങ്ങളത്രയും
ചെവി ചായിച്ച് കേൾക്കേണമെ
തലമുറതോറും ചെയ്തപരാധങ്ങൾ
കനിവോടെ ഞങ്ങളോട് പൊറുക്കേണ്ടമേ
നിന്നെ മറന്നുള്ള ജീവിതമത്രയും
നിൻമുമ്പിൽ നാഥാ സമർപ്പിക്കുന്നു
ധൂർത്തനായ് തീർന്നൊരു പാപിയായ് ഞാനിന്ന്
നിൻ മുമ്പിൽ നാഥാ കേണീടുന്നു
കുടംചുവപ്പായ എൻ പാപങ്ങളെല്ലാം
വെൺമഞ്ഞുപോലെ വെളുപ്പിക്കണമെ.
മനമുരുകി നിന്നെ വിളിക്കുമ്പോൾ നാഥാ
സമീപസ്ഥനായി കനിഞ്ഞീടണെ
തകർച്ചകൾ മാത്രം കൈമുതലായ് നാഥാ
അഗാധത്തിൽ നിന്നും കേണീടുന്നു
തകർച്ചകളെല്ലാം നന്മക്കായ് തീർത്തുനിൻ
പാദാന്തികത്തിൽ ചേർക്കേണമെ.

അഗാധത്തിൽ



# സ്നേഹസ്മരണയ്ക്ക്

38-ാം ചരമവാർഷികം



താണിക്കൽ കോടങ്കണ്ടത്ത് ഔസേപ്പ്

## അന്തോണി

ജനനം : 25.011.1922
മരണം : 28.02.1984



8-ാം ചരമവാർഷികം



താണിക്കൽ കോടങ്കണ്ടത്ത് അന്തോണി ഭാര്യ

## മേരി

ജനനം : 01.10.1925
മരണം : 16.03.2014

പ്രാർത്ഥനകളോടെ...

ആന്റോ കോടങ്കണ്ടത്ത് & ഫാമിലി

ഹോളി ഫാമിലി യൂണിറ്റ്




**Anux K.J**
S/o Jose K.T
Kaiparambil House
Ayyanthole P.O.,Thrissur

**Presty Francis .B**
D/o Francis .B
Brahmakulam House
Pullazhy P.O., Thrissur

# 1-ാം ചരമവാർഷികം
05.04.2022



അരിമ്പൂർ ചെവ്വൂക്കാരൻ

# ലോനപ്പൻ പോൾ

ജനനം : 19.12.1942
മരണം : 05.04.2021

സ്നേഹസ്മരണകളോടെ
കുടുംബാംഗങ്ങൾ

സെന്റ് മേരീസ് യൂണിറ്റ്





**തിരഞ്ഞെടുക്കാൻ വ്യത്യസ്ത കളക്ഷനുകൾ**

ട്രെഡീഷണൽ | ആന്റിക് | ട്രെൻഡി | പാർട്ടിവെയർ | സിംപിൾ & എലഗന്റ്

- ഗോൾഡ് റേറ്റ് പ്രൊട്ടക്ഷൻ പ്ലാൻ
- സൂപ്പർ എക്സ്ചേഞ്ച് സ്കീം
- സുപ്രീം ബൈ ബാക്ക് ഓഫർ
- ബെസ്റ്റ് പ്രൈസ് ഗാരണ്ടി
- എല്ലാ തരക്കാർക്കും ഇണങ്ങുന്ന പാക്കേജുകൾ

**TT DEVASSY**
JEWELLERS

**NEAR VADAKKE STAND, THRISSUR**

97452 88881 | www.ttdevassyjewellers.com | ttdevassyjewellers

# വേദപാരംഗത

ത്രേസ്യാമ്മ ജേക്കബ്
ലിറ്റിൽഫ്ളവർ യൂണിറ്റ്

**സിയന്നായിലെ വി. കാതറിൻ**

വേദമാകുന്ന കടൽ കടന്ന് മറുതീരത്തേക്ക് യാത്ര ചെയ്യുന്നവരാണ് വേദപാരംഗതർ. ഇവരുടെ അറിവും രചനകളും തിരുസഭയ്ക്ക് എന്നും മുതൽ കൂട്ടാണ്. 1347ലെ മംഗളവാർത്ത ദിനത്തിലാണ് വി. കാതറിന്റെ ജനനം. ഇറ്റലിയിലെ സിയന്നായിൽ യാക്കോബ് എൽനിൽ കാമ്പാലാപ്പ ദമ്പതികളുടെ 23-ാമത്തെ മകളാണീ വിശുദ്ദ. അതും ഇരട്ടകളിൽ ഒരാൾ. കന്യകയായി ജീവിക്കുവാൻ വ്രതമെടുത്തിരുന്ന അവൾക്ക് പഞ്ചക്ഷതധാരിയായ ലോകരക്ഷകന്റെ ദിവ്യദർശനങ്ങൾ ലഭിച്ചിരുന്നു; അതും ബാഹ്യസമ്മർദ്ദങ്ങളുടെയും ആന്തരിക സംഘർഷങ്ങളുടെയും ഇടയിൽ. 18-ാം വയസ്സിൽ ഡൊമിനിക്കൻ മൂന്നാം സഭയിൽ ചേർന്നു. രോഗീ ശുശ്രൂഷ, പാവങ്ങളോടുള്ള അലിവ് ഇവ തീവ്രമായിരുന്നു. സിയന്നായിൽ പ്ലേഗ് പടർന്നു പിടിച്ചപ്പോൾ സ്വയം മറന്ന് അവരെ പരിചരിച്ചു. ആസന്നമരണയും വധശിക്ഷക്ക് വിധിക്കപ്പെട്ടവരെയും ക്രിസ്തുവിന്റെ സ്നേഹസന്ദേശത്താൽ ആശ്വസിപ്പിച്ചിരുന്നു. ബ്രഹ്മചര്യം വിഢ്ഢിത്തമാണ്, ജീവിതം ആസ്വദിക്കാനുള്ളതാണ് തുടങ്ങിയ പ്രലോഭനചിന്തകൾക്ക് തീവ്രതയേറിയാൽ അത്രയും തീഷ്ണതയോടെ പ്രാർത്ഥിക്കാനും പാപപരിഹാരം ചെയ്യാനും ശ്രദ്ധിക്കും. പാപം ചെയ്യുക സ്വാഭാവികം, എന്നാൽ പാപത്തിൽ ജീവിക്കുക പൈശാചികമാണ്.

വിപ്രവാസത്തിൽ കഴിയേണ്ടി വന്ന ഗ്രിഗറി 11-ാമൻ മാർപാപ്പയോട് റോമിലേക്ക് മടങ്ങിപ്പോകാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അപ്രകാരം ചെയ്തു. 28-ാം വയസ്സിൽ ക്രൂശിതരൂപത്തിൽ ധ്യാനപൂർവ്വം നോക്കി നില്ക്കുമ്പോൾ യേശുവിന്റെ പഞ്ചക്ഷത സ്പർശനത്തിനു ഭാഗ്യമുണ്ടായി. 1370നു ശേഷം കാതറിൻ ഭക്ഷണം കഴിച്ചിട്ടില്ല. 33-ാം വയസ്സിൽ റോമിൽ വച്ചു മരണമടഞ്ഞു. 1970-ൽ ഒക്ടോ 4ന് പോൾ 6-ാമൻ വേദപാരംഗതയായി പ്രഖ്യാപിച്ചു.

ഈശോയോടൊത്ത് നടന്ന് സഭയ്ക്കുവേണ്ടി പ്രവർത്തിച്ച ഈ വിശുദ്ധയുടെ തിരുരക്തത്തോടുള്ള പ്രാർത്ഥന ഇതാണ്. "ഓ, എന്റെ പ്രിയങ്കരനായ ഈശോയുടെ വിലമതിക്കാനാകാത്ത തിരുരക്തമേ, ഞങ്ങളിലേക്ക് ഒഴുകിയിറങ്ങിയാലും. അതുവഴി സകലവിധ അനുഗ്രഹങ്ങളാലും ഞങ്ങൾ സമ്പന്നരാകട്ടെ, ആമേൻ."

# കാർഷിക രംഗം

**ടോണി തരകൻ**
ലിറ്റിൽ ഫ്ളവർ യൂണിറ്റ്



## പൊട്ടുവെള്ളരി

നല്ല തണുപ്പാണ് ഇതിന്റെ പ്രത്യേകത, പൊട്ടുവെള്ളരി ജ്യൂസ് പൊടിപൊടിക്കുകയാണ്

ചൂടത്ത് ഒരു ക്ലാസ് പൊട്ടുവെള്ളരി ജ്യൂസ് ആയാലോ? ശരീരവും മനസ്സും ഒന്നിച്ച് തണുക്കും. തേങ്ങാപാലും ഏലയ്ക്കയും ചേർത്ത് ഉണ്ടാക്കുന്ന ജ്യൂസാണ് ഈ വേനലിലെ താരം. വഴിയോരങ്ങളിൽ പൊട്ടുവെള്ളരി ജ്യൂസ് പൊടിപൊടിക്കുകയാണ്. മറ്റ് ജ്യൂസുകളെ അപേക്ഷിച്ച് നല്ല തണുപ്പാണ് ഇതിന്റെ പ്രത്യേകത. ഒരു ഗ്ലാസ് ജ്യൂസ് കുടിച്ചാൽ ദാഹത്തിനൊപ്പം വിശപ്പും ശമിക്കും. ചെറു നാരുകളാൽ സമ്പന്നമാണ് പൊട്ടുവെള്ളരി. വേനൽക്കാലത്ത് ഉയരുന്ന ശരീരോഷ്മാവിനെ നിയന്ത്രിക്കാൻ പൊട്ട് വെള്ളരി ജ്യൂസ് സഹായിക്കും.

നാട്ടിൻപുറങ്ങളിൽ കൃഷി ചെയ്ത് ഉൽപാദിപ്പിക്കുന്ന പൊട്ടുവെള്ളരിയും ജ്യൂസും ജനകീയമാക്കാൻ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രവും (കെവികെ) മുൻ കൈ എടുത്തിട്ടുണ്ട്.

എറണാകുളം ജില്ലയിലെ നെടുമ്പാശേരി, മാഞ്ഞാലി കടുങ്ങല്ലൂർ, ആലങ്ങാട്, കരുമാല്ലൂർ പാടങ്ങളിൽ നെൽ കൃഷിയ്ക്കു ശേഷം 600 ഏക്കറോളം സ്ഥലത്ത് പൊട്ടു വെള്ളരി കൃഷി ചെയ്യുന്നുണ്ട്. ജൈവ രീതിയിലാണ് കർഷകർ കൃഷി ചെയ്യുന്നത്.

ബീറ്റ കരോട്ടിൻ, ഫോളിക് ആസിഡ്, പൊട്ടാസിയം, വൈറ്റമിൻ സി എന്നിവയുടെ കലവറയാണ് പൊട്ടുവെള്ളരി.

വിശപ്പും ദാഹവും പെട്ടെന്നു മാറാൻ സഹായിക്കും. ദിവസവും ഒരു ഗ്ലാസ് വെള്ളരിക്ക ജ്യൂസ് കുടിക്കുന്നത് ആരോഗ്യ കൂടുന്നതിന് സഹായിക്കും. ശരീരത്തിൽ നിന്നും ടോക്സിനുകൾ പുറന്തള്ളാനുള്ള ഏറ്റവും മികച്ച മാർഗമാണിത്. ധാരാളം ആന്റി ഓക്സിഡന്റുകൾ അടങ്ങിയ ഒന്നാണ് പൊട്ടവെള്ളരി ജ്യൂസ്.

കരളിന്റെയും വൃക്കയുടെയും ആരോഗ്യത്തിനും നല്ലതാണ് ഈ ജ്യൂസ്. ശരീരത്തിന് പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും ജ്യൂസ് ഉത്തമമമാണ്. ഈ നാടൻ വിഭവത്തിന്റെ ഗുണമേൻമയെ കുറിച്ച് ബോധവൽകരണം നടത്താനും പൊട്ടുവെള്ളരിക്ക് പ്രചാരം നൽകാനും സിഎംഎഫ്ആർഐക്ക് കീഴിൽ പ്രവർത്തിക്കുന്ന കെവികെ മുന്നിട്ടിറങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, ആലങ്ങാട് ഗ്രാമ പഞ്ചായത്തിലെ വിവിധ ഇടങ്ങളിൽ ഇത്തവണ കെവികെ പൊട്ടുവെള്ളരിയുടെ പ്രദർശനം നടത്തിയിരുന്നു.

പ്രദർശന കൃഷി കാണാനും പൊട്ടുവെള്ളരി നേരിട്ട് വിളവെടുത്തുപയോഗിക്കാനും താൽപര്യമുള്ളവർക്ക് കെവികെയുടെ കർഷകരായ ആലങ്ങാട് സ്വദേശികളായ വർഗീസ് (9961817827), മോഹനൻ (9072005651) ഗോപി ഏലൂർ (7736543952) എന്നിവരെ ബന്ധപ്പെടാം.

**ജ്യൂസ് ഉണ്ടാക്കുന്നത് ഇങ്ങനെ**

പൊട്ടുവെള്ളരി കഴുകി വൃത്തിയാക്കിയ ശേഷം തൊലി കളഞ്ഞ് എടുക്കുക. ഉള്ളിലെ സീഡ്സ് കളഞ്ഞ് എടുക്കണം. (ആവശ്യമെങ്കിൽ സീഡ്സ് ജ്യൂസിന് ഉപയോഗിക്കാം). മിക്സിയിൽ അടിച്ചെടുക്കാം ഇല്ലെങ്കിൽ സ്പൂൺ കൊണ്ട് ഉടച്ച് എടുക്കാം തേങ്ങാപാലും ഏലയ്ക്കയും ചേർക്കണം. വ്യത്യസ്ത തരം പൊട്ട് വെള്ളരി ജ്യൂസ് വിപണിയിൽ സജീവമാണ്. ഹോർലക്സ്, ബൂസ്റ്റ്, കപ്പലണ്ടി എന്നിവ ചേർത്തതും ലഭ്യമാണ്.

**2022 – മാർച്ച് മാസത്തെ Gen. Quiz ഉത്തരങ്ങൾ**

1. ജൂലൈ 25 2021
2. ഗുരു
3. തിരുച്ചിറപ്പിള്ളി
4. ജ്ഞാനപീയുഷം
5. വി. ജസ്റ്റിൻ
6. പോൾ ആറാമൻ
7. ഡൊമിനിക് സാവിയോ
8. നവം. 28 2021
9. ജി. ശങ്കരകുറുപ്പ്
10. ഡോം അലക്സ് മെനെസിസ്



# ഞങ്ങൾ വരവായി



| റജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം |
|---|---|
| 04/2022<br>02.12.2021<br>16.02.2022 | അരിയാടൻ ബിജു വർഗീസ് & സിൽജി<br>മകൻ ഗീവർഗീസ് (ഇഷാൻ ബിജു) |
| 05/2022<br>19.02.2022 | 09.12.2019 പെല്ലിശ്ശേരി അനൂപ് ജോൺ & ജീന<br>സ്റ്റാൻലി മകൻ ജോൺ (എമിൽ ജോൺ അനൂപ്) |
| 06/2022<br>27.02.2022 | 25.11.2021 തെക്കേടത്ത് ലിയോ ജോൺ &<br>നേഷ്മ മകൻ സേവ്യർ (ആദം ജോൺ ലിയോ) |

# ഞങ്ങൾ യാത്രയായി

| റജി. നമ്പർ / മരണ തീയ്യതി | പേര്, വിലാസം |
|---|---|
| 04/2022<br>01.02.2022 | കരിയാട്ടി ദേവസി ഭാര്യ അച്ചാമ്മ (95)<br>- മഡോണ യൂണിറ്റ് |
| 05/2022<br>05022022 | കുത്തൂര് വെള്ളാട്ടുകര തോമസ് മകൻ<br>വർഗ്ഗീസ് (79) സെന്റ് ജോസഫ്സ് യൂണിറ്റ് |
| 06/2022<br>17.02.2022 | കുറുപ്പശ്ശേരി അഗസ്റ്റിൻ മകൻ തോമസ്<br>(96) - മഡോണ യൂണിറ്റ് |
| 07/2022<br>18.03.2022 | ആലപ്പാട്ട് കൊച്ചാപ്പു മകൻ ആന്റണി<br>(77) - മഡോണ യൂണിറ്റ് |



# ഞങ്ങൾ ഒന്നായി



| വിവാഹ തീയ്യതി | പേര്, വിലാസം |
|---|---|
| 06.02.2022 | അയ്യന്തോൾ ഇടവക ചിറയത്ത് അത്താണിക്കൽ<br>വർഗീസ് & സിജി മകൾ ഫ്രെയ വർഗീസ്<br>കൂനംമൂച്ചി ഇടവക പനക്കൽ സ്റ്റീഫൻ & |

| | |
|---|---|
| | അൽഫോൻസ മകൾ നിഖിൽ |
| 03/2022 | 06.02.2022 അയ്യന്തോൾ ഇടവക കൈപറമ്പിൽ |
| | ജോസ് & ഷീല മകൻ അനക്സ് |
| | പുല്ലഴി ഇടവക ബ്രഹ്മകുളം ഫ്രാൻസിസ് & |
| | ഷെല്ലി മകൾ പ്രസ്സ്റ്റി ഫ്രാൻസിസ് |
| 20.02.2022 | അയ്യന്തോൾ ഇടവക മംഗലത്ത് തങ്കച്ചൻ & |
| | സെലിൻ മകൾ സ്റ്റെഫി |
| | എറവ് ഇടവക ചാലിശ്ശേരി കുറ്റൂക്കാരൻ തോമസ് |
| | & ബേബി മകൻ അഞ്ജു ഡയസ് |

## ഇടവകയിൽ നിന്നും മാറിപോയവർ

| തീയ്യതി | പേര്, വിലാസം |
|---|---|
| 03/2022 | ചിറ്റിലപ്പിള്ളി ജോർജ്ജ് മകൻ ജിജോ & |
| | കുടുംബം സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ് - |
| 28.01.2022 | അമലനഗർ |
| 04/2022 | എടക്കളത്തൂർ ദേവസി മകൻ ഫ്രാൻസീസ് |
| | & കുടുംബം സെന്റ് പോൾസ് യൂണിറ്റ് - തിരൂർ |
| 25.02.2022 | (തൃശൂർ) |
| 05/2022 | മ്ലന്തൂർ പത്രോസ് മകൻ ജോസ് & |
| 03.03.2022 | കുടുംബം - ലിറ്റിൽഫ്ളവർ യൂണിറ്റ് - ഒളരി |
| 06/2022 | ആലപ്പാട്ട് മഠത്തുംപടി ജോണി മകൻ |
| 05.03.2022 | ഫ്രാൻസിസ് (ജോബി) & കുടുംബം - അരിമ്പൂർ |
| 07/2022 | ചിരിയൻകണ്ടത്ത് ശങ്കുരി ലോനപ്പൻ |
| | ഭാര്യ കുഞ്ഞായി (ക്രിസ്തുരാജ) സെന്റ് ആൻസ് |
| 18.03.2022 | വെസ്റ്റ് ഫോർട്ട് |
| 08/2022 | തൃശ്ശോക്കാരൻ ജോഷി ഭാര്യ റെജി & |
| | കുടുംബം (സെന്റ് ജോസഫ് യൂണിറ്റ്) - |
| 21.03.2022 | മുവ്വാറ്റുപുഴ |

## ഇടവകയിലേക്ക് വന്നവർ

| തീയ്യതി | പേര്, വിലാസം |
|---|---|
| 13.03.2021 | തൃശ്ശോക്കാരൻ ജോഷി ഭാര്യ റെജി & കുടുംബം - സെന്റ് ജോസഫ്സ് യൂണിറ്റ് |

കിസ് മാസ്റ്റർ : **സി. കാതറിൻ** CHF

# BIBLE QUIZ

## 2022 ഏപ്രിൽ മാസത്തെ ബൈബിൾ ക്വിസ്

പ്രഭാഷകൻ 23-26 അദ്ധ്യായം

**ഉത്തരങ്ങൾ - ഏപ്രിൽ 20-ാം തിയ്യതിക്കുള്ളിൽ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.**

1. ആരുടെയെല്ലാം വീഴ്ചയ്ക്ക് നാവ് കാരണമാകുന്നു?
2. ഭർത്താവിനെ ബഹുമാനിക്കുന്ന ഭാര്യയെ മറ്റുള്ളവർ കാണുന്നതെങ്ങനെ?
3. കർത്താവിനെ ഭയപ്പെടുന്നത് ആര്?
4. അത്യുന്നത ദൈവത്തിന്റെ ഉടമ്പടിഗ്രന്ഥം.
5. നിശ്ചയദാർഢ്യമുള്ളവന്റെ കാലുകൾ എങ്ങനെയുള്ളതാണ്?
6. ദൈവഭക്തനേക്കാൾ ............ എല്ലാറ്റിനെയും അതിശയിക്കുന്നു. അദ്ധ്യായം വാക്യം?
7. കർത്താവിന്റെ കണ്ണുകൾ ............ കണ്ടുപിടിക്കുകയും ചെയ്യുന്നു. അദ്ധ്യായം വാക്യം?
8. പാപിയുടെ പതനത്തിനു കാരണം?
9. ഏത് തരം സംസാരം ശീലിക്കരുത് എന്നാണ് നമ്മോട് പറയുന്നത്?
10. കർത്താവിന്റെ ഹൃദയം ഏതെല്ലാം കാര്യങ്ങളിൽ ആനന്ദം കൊള്ളുന്നു?

## 2022 മാർച്ച് മാസത്തെ ബൈബിൾ ക്വിസ് ഉത്തരങ്ങൾ

1. സേരാ
2. 110
3. ഗിബെയായിൽ
4. സെയിൻമല
5. ലേവി
6. ഗിബയോൻ നിവാസികളായ ഹിവ്യർ
7. മോശ, കാലെബിനോട്
8. കിരിയാത്ത് അർബ്ബാ
9. 12
10. റൂബൻ

## 2022 മാർച്ച് മാസത്തെ ശരിയുത്തരം അയച്ചവർ

1. മേരി രാജു - സെന്റ് സേവ്യർ യൂണിറ്റ്
2. റോസിലി ജോസഫ് - സെന്റ് സേവ്യർ യൂണിറ്റ്
3. റോസി ജോസ് - സെന്റ് സേവ്യർ യൂണിറ്റ്

നറുക്കെടുപ്പിലൂടെ വിജയിയായത്

**മേരി രാജു**

സെന്റ് സേവ്യർ യൂണിറ്റ്

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച്
ഏപ്രിൽ 20–ാം തിയ്യതിക്കുമുൻപ്
പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)



മാർച്ച് മാസത്തെ
ചായകൂട്ട് മത്സര വിജയി
**നീതു റാഫേൽ**
സെന്റ്ജോസഫ് യൂണിറ്റ്

# 12th Death Anniversary



## C.C. CHACKO

Rtd. Superintendent Education Office,
Thiruvananthapuram

**S/o. C.C Chakku Master**
**Chittilappilly Kunnath House,**
**Metro Lane "Chandni," Ayyanthole**

Born : 28.05.1931 Died : 26.04.2010

**With Loving Memories Sorrowing Family**

*With Prayers* Mariamma Chacko

| | | |
|---|---|---|
| Victor | Beena | Biju |
| Jisha | Babu.E.A | Sherin |
| Joel | Bijohn | Blesswin |
| | Annmaria | Amelia |

**St. Thomas Unit**




Ocean®
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393